ഒന്നിക്കാം, സംവദിക്കാം, മുന്നേറാം.

ലോക കേരള സഭ

ലോക കേരള സഭ 2020

രണ്ടാം സമ്മേളനം

2020 ജനുവരി 1, 2, 3 | നിയമസഭാ മന്ദിരം

# കരടുരേഖ

## ഉള്ളടക്കം


| വിഷയം | പേജ് നം. |
|---|---|
| ആമുഖം | 4 |
| ഭാഗം ഒന്ന് - പ്രവാസത്തിന്റെ മാറുന്ന ഭൂപടം | 5 |
| ഭാഗം രണ്ട് - വികസന സമീപനം | 9 |
| ഭാഗം മൂന്ന് - ഒന്നാം സമ്മേളനം; തീരുമാനങ്ങളും നിർവ്വഹണവും | 11 |
| ഭാഗം നാല് - പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും | 15 |
| ഭാഗം അഞ്ച് - മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിലെ കേരളീയർ | 20 |
| ഭാഗം ആറ് - പ്രവാസവും നാടിന്റെ വികസനവും | 21 |
| ഉപസംഹാരം | 24 |
| അനുബന്ധം 1 | 26 |
| അനുബന്ധം 2 | 27 |

# ആമുഖം

ലോക കേരള സഭയുടെ രൂപീകരണവും 2018 ജനുവരി 12,13 തീയതികളിൽ തിരുവനന്തപുരത്തു ചേർന്ന പ്രഥമ സമ്മേളനവും കേരളസമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ചരിത്രത്തിൽ മഹത്തായ ഒരു ഏടാണ് എഴുതിച്ചേർത്തത്. ലോകമാകെ പടർന്നുപന്തലിച്ചുവളരുന്ന കേരളസംസ്കാരത്തേയും ലോകകേരളസമൂഹത്തേയും പ്രതിനിധാനം ചെയ്യുന്ന ഒരു പൊതു ജനാധിപത്യവേദി വേണം എന്ന ബോദ്ധ്യമാണ് ലോക കേരള സഭ രൂപീകരിക്കാൻ സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. ഇന്നത്തെ കേരളത്തെ മനസിലാക്കുന്നതിനു ഭൂപ്രദേശാടിസ്ഥാനത്തിലുള്ള സമീപനത്തിനു വലിയ പരിമിതി ഉണ്ട്. സംസ്ഥാനത്തിന്റെ ഔപചാരിക അതിർത്തികൾക്കുള്ളിൽ ഒതുങ്ങുന്ന ഒന്നല്ല കേരളം. കേരളപ്പിറവിക്കുശേഷം, വിശേഷിച്ചും എഴുപതുകൾ മുതൽ മധ്യപൂർവ്വ ദേശത്തേക്കുള്ള കുടിയേറ്റത്തെ തുടർന്നുണ്ടായ കേരളീയരുടെ ആഗോളവ്യാപനം കേരളത്തെ ലക്ഷണമൊത്ത ഒരു പ്രദേശാതീത സമൂഹമാക്കി മാറ്റിയിരിക്കുകയാണ്. സംസ്ഥാനത്തിന്റെ അതിർത്തികൾക്കപ്പുറത്ത് ഇതരസംസ്ഥാനങ്ങളിലും ഇതരരാജ്യങ്ങളിലുമായി ജീവിക്കുന്ന കേരളീയരുടെ സംഖ്യ വളരെ വലുതാണ്. ചുരുക്കത്തിൽ കേരളം ഇന്ന് സ്ഥിതി ചെയ്യുന്നതും ജീവിക്കുന്നതും അക്ഷരാർത്ഥത്തിൽ കേരളത്തിന് അകത്തും പുറത്തുമായാണ്. ലോകകേരളത്തിന്റെ ഒത്തു ചേരലാണ് ലോക കേരള സഭയിൽ സംഭവിക്കുന്നത്.

പ്രഥമസമ്മേളനം സൃഷ്ടിച്ച ഉത്സാഹത്തിന്റെ തിളക്കം അകം കേരളവും പുറം കേരളവും തമ്മിലുള്ള പാരസ്പര്യത്തിന്റെ എല്ലാ മേഖലകളിലും വളരെ പ്രകടമാണ്. ആതിഥേയ പ്രദേശങ്ങളിലെ കേരളീയ കൂട്ടായ്മകൾക്കു കൈവന്ന വർധിത ഉത്സാഹം, പ്രവാസികളെ ഉൾക്കൊള്ളുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാർ - സർക്കാർ ഇതര ഏജൻസികൾ കാണിക്കുന്ന പ്രത്യേക താൽപര്യം, അതിനോട് പൂർവ്വാധികം താൽപര്യത്തോടു കൂടി പ്രതികരിക്കുന്ന പ്രവാസി സമൂഹത്തിന്റെ സമീപനം എന്നിവയിലെല്ലാം ഇത് ദൃശ്യമാണ്.

ഈ രണ്ടു സമ്മേളനങ്ങൾക്കും മദ്ധ്യേയുള്ള കാലം യഥാർത്ഥത്തിൽ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രതിസന്ധിയുടെ കാലമായിരുന്നു. ഈ കാലയളവിലാണ് കേരളത്തിൽ സമാനതകളില്ലാത്ത പ്രകൃതി ദുരന്തം ഉണ്ടായത്. കഴിഞ്ഞ വർഷവും കാലവർഷക്കെടുതി ആവർത്തിച്ചു. ഒപ്പം ആഗോളതലത്തിലും ദേശീയതലത്തിലും ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ ഭാരം കൂടി നമുക്ക് എടുക്കേണ്ടി വന്നു. കാലവർഷക്കെടുതിയുടെയും സാമ്പത്തിക പ്രതിസന്ധിയുടെയും അധിക ഭാരം പേറുന്ന സർക്കാരിനു ലോക കേരള സഭയുടെ പ്രവർത്തനം മറ്റൊരു ഭാരമാവില്ലേ എന്ന സംശയം പോലും ഉന്നയിക്കപ്പെട്ടു. എന്നാൽ, പ്രതിസന്ധികളെ അതിജീവിക്കുന്നതിൽ ലോകകേരളം സംസ്ഥാനത്തിനു വലിയ സഹായമായി മാറി. പ്രതിസന്ധികളെ നേരിടുന്നതിൽ കേരളം ഒറ്റയ്ക്കല്ല എന്നു തെളിയിച്ചതിൽ പ്രവാസി സമൂഹങ്ങളുടെ പങ്കും വളരെ പ്രധാനമാണ്. മറ്റു ദേശക്കാരുടെയും സ്ഥാപനങ്ങളുടെയും പിന്തുണ ഉറപ്പാക്കാനും നമ്മുടെ പ്രവാസി സമൂഹത്തിനു കഴിഞ്ഞു.

അന്യനാടുകളിലെ വിദൂര കേന്ദ്രങ്ങളിലായിട്ടുപോലും കേരളത്തിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിലെ രക്ഷാപ്രവർത്തനങ്ങളെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് സഹായിക്കാൻ പ്രവാസികൾ ശ്രമിക്കുകയുണ്ടായി. രക്ഷാപ്രവർത്തനങ്ങൾക്കു ശേഷം പുനരധിവാസത്തിന്റെയും പുനർനിർമ്മാണത്തിന്റെയും ഘട്ടത്തിലും പ്രവാസികൾ വലിയ സഹായമാണ് ചെയ്തതത്. ഇപ്പോഴും അത് തുടരുകയാണ്. പണത്തിന്റെ രൂപത്തിലുള്ള സഹായം മാത്രമല്ല ഇവിടെ സൂചിപ്പിക്കുന്നത്. കേരളത്തെ പഴയ അവസ്ഥയിലേക്കു കേടുപാടുകൾ തീർത്ത് പുനർനിർമ്മിക്കുകയല്ല മറിച്ച് നവകേരളത്തിന്റെ സൃഷ്ടിയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. നല്ല ഗ്രഹപാഠം ചെയ്ത് ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട ഒന്നായാണ് നവനിർമ്മാണത്തെ കാണേണ്ടതും കാണുന്നതും. ഇക്കാര്യത്തിൽ ആശയങ്ങളും വൈദഗ്ദ്ധ്യവും വിഭവങ്ങളും നൽകി സംസ്ഥാനത്തെ സഹായിക്കാൻ പ്രവാസികൾ തയ്യാറാവുന്നു എന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിൽ ലോക കേരള സഭ തീരുമാനിച്ച കാര്യങ്ങൾക്കൊപ്പം പ്രകൃതി ദുരന്തം നേരിടുന്നതിനുള്ള സഹായങ്ങളും നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് ലോക കേരള സഭ മുന്നോട്ടുപോയത്.

ലോക കേരള സഭ ഒരു സ്ഥിരം സഭയാണ്. പക്ഷെ, രണ്ടുസമ്മേളങ്ങൾക്കു ഇടയിൽ മൂന്നിലൊന്നു അംഗങ്ങൾ വിരമിയ്ക്കേണ്ടതുണ്ട് എന്നത് അതിന്റെ നിയമാവലിയിൽ തന്നെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഒഴിവായ അംഗങ്ങളുടെ സ്ഥാനത്ത് 58 പേർ പുതിയതായി ലോക കേരള സഭയുടെ അംഗങ്ങളായിട്ടുണ്ട്. അവർ കൂടി പങ്കെടുത്തുകൊണ്ടുള്ള സമ്മേളനമാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞ സമ്മേളനം തീരുമാനിച്ച കാര്യങ്ങൾ എത്രത്തോളം നടപ്പിലാക്കിയെന്നത് വിശദമായി പരിശോധിക്കുകയും പുതിയ പ്രശ്നങ്ങളെ ഉൾക്കൊണ്ട് ഇടപെടുകയും ചെയ്യുക എന്ന ഉത്തരവാദിത്തമാണ് ഈ ലോക കേരള സഭയുടെ രണ്ടാം സമ്മേളനത്തിൽ ഏറ്റെടുക്കാനുള്ളത്. ഒരു പുതിയ സംരംഭം എന്ന നിലയിൽ നമ്മുടെ അനുഭവങ്ങളെ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ മുന്നോട്ടുവച്ചുകൊണ്ട് ഈ സഭയെ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനുള്ള കാഴ്ചപ്പാട് അവതരിപ്പിക്കുക എന്നുള്ളതും പ്രധാനമാണ്.

# ഭാഗം ഒന്ന്
## പ്രവാസത്തിന്റെ മാറുന്ന ഭൂപടം

ഒന്നാം സമ്മേളന രേഖയിൽ, അന്താരാഷ്ട്ര കുടിയേറ്റ രംഗത്തെ വെല്ലുവിളികളെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന രേഖയാണ് അവതരിപ്പിച്ചത്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ആഗോള കുടിയേറ്റ രംഗംത്ത് ഉണ്ടായ മാറ്റങ്ങളെ കണ്ടുകൊണ്ടുവേണം ഈ രംഗത്ത് നാം ഇടപെടുന്നത്. പൗരത്വ നിയമ ഭേദഗതി രാജ്യത്താകമാനം എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ലോകമെമ്പാടുമുള്ള പ്രവാസികളുടെയും അഭയാർത്ഥികളുടെയും പ്രശ്നങ്ങൾ ലോകരാഷ്ട്രങ്ങൾ മുൻപെങ്ങുമില്ലാത്ത പ്രാധാന്യത്തോടെ ചർച്ച ചെയ്ത ഒരു കാലഘട്ടം കൂടിയാണ് കടന്നുപോയത്. മെഡിറ്ററേനിയൻ പ്രതിസന്ധിയും രോഹിങ്ക്യൻ കുടിയേറ്റവും ബന്ധപ്പെട്ടുണ്ടായ മനുഷ്യാവകാശ ലംഘനങ്ങളും മാധ്യമങ്ങളും രാഷ്ട്രീയ സാമൂഹിക രംഗവും ഇഴകീറി പരിശോധിക്കുകയും പരിഹാരമാർഗങ്ങൾ തേടുകയും ചെയ്തു. നമ്മുടെ രാജ്യത്ത് വന്നിട്ടുള്ള പൗരത്വ നിർണ്ണയ ഭേദഗതി ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷതയെ തകർക്കുമെന്ന പ്രശ്നം സജീവമായി ഉയർന്നുവന്നിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പലവിധത്തിലുള്ള പ്രക്ഷോഭങ്ങളും നമ്മുടെ രാജ്യത്ത് വന്നുകഴിഞ്ഞിട്ടുണ്ട്.

പ്രവാസികളുടെയും അഭയാർത്ഥികളുടെയും എണ്ണം ലോകജനസംഖ്യയെക്കാൾ വേഗത്തിൽ ഉയരുന്ന സ്ഥിതിയാണുള്ളത്. അതോടൊപ്പം ആതിഥേയ രാജ്യങ്ങൾ കുടിയേറ്റ നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കുന്നു. കുടിയേറുന്നവരുടെ പൗരാവകാശങ്ങളും തൊഴിലവകാശങ്ങളും വ്യാപകമായി നിഷേധിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയും നിലനിൽക്കുകയാണ്. ഇത്തരം സാഹചര്യം നിലനിൽക്കുമ്പോഴും പ്രവാസം കുറയുന്നുമില്ല.

ഐക്യരാഷ്ട്രസഭയുടെ ഏറ്റവും പുതിയ സ്ഥിതി-വിവര കണക്കനുസരിച്ചു ലോകത്ത് ഇന്ന് 27.22 കോടി പ്രവാസികളുണ്ട്. കഴിഞ്ഞ ഒൻപതു വർഷത്തിനിടെ ഏതാണ്ട് 5.1 കോടിയുടെ വർധനവാണ് പ്രവാസികളുടെ എണ്ണത്തിൽ ഉണ്ടായത്. ഇതു കാണിക്കുന്നത് ആഗോള ജനസംഖ്യയിൽ പ്രവാസികളുടെ എണ്ണത്തിലുള്ള വർധനവ് ലോക ജനസംഖ്യയുടെ വളർച്ചാ നിരക്കിനെക്കാൾ കൂടുതലാണ് എന്നതാണ്. ആഗോള പ്രവാസികളിൽ 48 ശതമാനം സ്ത്രീകളും പെൺകുട്ടികളുമാണ്. കൂടാതെ ഏതാണ്ട് നാലിൽ മൂന്ന് പ്രവാസികളും, അതായത് 20.2 കോടി പ്രവാസികൾ തൊഴിൽ എടുക്കുന്ന പ്രായക്കാരാണ് (working age - 20-64). പ്രവാസികളുടെ പ്രധാന ലക്ഷ്യസ്ഥാനം യുറോപ്പാണ്. നിലവിൽ 8.2 കോടി പ്രവാസികളാണ് യുറോപ്പിലുള്ളത്. വടക്കേ അമേരിക്ക 5.9 കോടി പ്രവാസികളെയും വടക്കേ ആഫ്രിക്കയും പശ്ചിമേഷ്യയും കൂടി 4.9 കോടി പ്രവാസികളെയും ഉൾക്കൊള്ളുന്നു. ആകെയുള്ള പ്രവാസികളിൽ മൂന്നിൽ രണ്ടും ജീവിക്കുന്നത് ഇരുപതു രാജ്യങ്ങളിലായാണ്.

കുടിയേറ്റ പ്രഭവ കേന്ദ്രങ്ങളായ രാജ്യങ്ങളിൽ (country of origin) ഇന്ത്യയാണ് ഒന്നാമത്. ഏതാണ്ട് 1.8 കോടി ഇന്ത്യക്കാർ ന ിലവിൽ പ്രവാസികളാണ്. കുടിയേറ്റക്കാരിൽ ഏതാണ്ട് മൂന്നിലൊന്നും പത്തു ലോകരാജ്യങ്ങളിൽ നിന്നാണ് വരുന്നതെന്ന് ഐക്യരാഷ്ട്രസഭയുടെ ജനസംഖ്യ വിഭാഗം 2019ൽ പ്രസിദ്ധീകരിച്ച കണക്കുകളിലൂടെ വ്യക്തമാകുന്നുണ്ട്.

അതേസമയം ആഗോള തലത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയും മൂലധനത്തിന്റെ വർധിച്ചു വരുന്ന സ്വാധീനവും കുടിയേറ്റത്തിനും പ്രവാസികൾക്കും കനത്ത ഭീഷണിയാണ്. ആഗോളവൽക്കരണത്തിന്റെയും തുറന്ന സമ്പദ്-വ്യവസ്ഥകളുടെയും ഉദയത്തോടെ മൂലധനത്തിന്റെ സഞ്ചാരം അതിർത്തികൾക്ക് അതീതമായി തടസങ്ങളില്ലാതെ നടക്കുന്നു. എന്നാൽ തൊഴിലാളിയുടെ അതിർത്തി കടന്നുള്ള സഞ്ചാരത്തിനു നിരവധി നിയന്ത്രണങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ഇന്നും നിലവിലുണ്ട്. സാമ്പത്തിക പ്രതിസന്ധി കുടിയേറ്റത്തിനു മേലുള്ള നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമാക്കാൻ ആതിഥേയ രാജ്യങ്ങളെ പ്രേരിപ്പിക്കുന്നുമുണ്ട്.

പ്രധാനപ്പെട്ട ആതിഥേയ പ്രദേശങ്ങളായ ഗൾഫ് നാടുകൾ, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നിവ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. അസംസ്കൃത എണ്ണ ഉത്പാദനത്തിലും വിലയിലും ഉള്ള ഏറ്റക്കുറച്ചിലുകളും ഈ മേഖലയിൽ വർധിച്ചു വരുന്ന ആഭ്യന്തര അസ്ഥിരതയുടെ പശ്ചാത്തലവും ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റം കൂടുതൽ പ്രശ്ന സങ്കീർണമാക്കാൻ സാധ്യതയുണ്ട്. കൂടാതെ ആഗോളാടിസ്ഥാനത്തിൽ അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം ഭാവി കുടിയേറ്റത്തെ മാത്രമല്ല നിലവിലുള്ള പ്രവാസികളെയും ബാധിക്കുവാൻ സാധ്യതയുണ്ട്. ആഭ്യന്തര ഉത്പാദനം കുറയുന്നതും സ്വദേശികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതുമായ സാഹചര്യങ്ങൾ ഉണ്ടായാൽ പ്രവാസികൾക്ക് എതിരെ തിരിയാൻ പല ആതിഥേയ രാജ്യങ്ങളും നിർബന്ധിക്കപ്പെടാം.

തൊഴിലാളികളുടെ അതിർത്തി കടന്നുള്ള സഞ്ചാരത്തെ നിരുത്സാഹപ്പെടുത്തുന്ന മറ്റൊരു വിഷയം

ശക്തമായിക്കൊണ്ടിരിക്കുന്ന വിസാ നിയന്ത്രണങ്ങളാണ്. അത് കൂടുതലും ബാധിക്കുന്നത് സ്ഥിര കുടിയേറ്റം ലക്ഷ്യമിടുന്ന തൊഴിലാളികളെ ആണെങ്കിലും ഭാവിയിൽ തൊഴിലാളികളുടെ സഞ്ചാരത്തിന് കൂടുതൽ നിയന്ത്രണങ്ങൾ വരാൻ സാധ്യതയുണ്ട്. ഏറ്റവും വലിയ ഉദാഹരണം H-1B വിസയുടെ മേൽ അമേരിക്കൻ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ആണ്. ഇതു മൂലം വിദഗ്ദ്ധ തൊഴിലാളികൾക്ക് അമേരിക്കയിൽ അവസരം നിഷേധിക്കപ്പെടുന്നു. അതെ പാത പിന്തുടർന്നു പ്രധാന ആതിഥേയ രാജ്യമായ ഓസ്‌ട്രേലിയയും തൊഴിൽ വിസ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആരംഭിച്ചിട്ടുണ്ട്. അമേരിക്കയിൽ H-1B വിസയ്ക്കു പുതിയതായി നിശ്ചയിച്ച ഫീസ് വിസ നിഷേധിച്ചാൽ പോലും തിരിച്ചു നൽകില്ല. ആതിഥേയരാജ്യങ്ങൾ വിസ ഫീസ് ഉയർത്തുന്ന പ്രവണതയും വ്യാപകമാവുകയാണ്.

## ആഗോള പ്രവാസ ഉടമ്പടി

അന്താരാഷ്ട്ര രംഗത്ത് ഉണ്ടായ ആശാവഹമായ ഒരു മുന്നേറ്റം ആഗോള പ്രവാസ ഉടമ്പടിക്ക് ലഭിച്ച അംഗീകാരമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കുടിയേറ്റത്തിനു ലഭിച്ച പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിലും വർധിച്ചു വരുന്ന പ്രവാസികളുടെ എണ്ണം പരിഗണിച്ചും ലോക രാജ്യങ്ങളെ കുടിയേറ്റകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സഹായിക്കാൻ ഐക്യരാഷ്ട്രസഭ മുൻകൈ എടുക്കുകയുണ്ടായി. അതിൻറെ ഭാഗമായി രണ്ടു ഉടമ്പടികൾ, ആഗോള പ്രവാസ ഉടമ്പടിയും (Global Compact for Migration) ആഗോള അഭയാർത്ഥി ഉടമ്പടിയും (Global compact for refugees) തയ്യാറാക്കാൻ 2016 സെപ്റ്റംബറിൽ ഐക്യരാഷ്ട്രസഭ തീരുമാനിച്ചു. ഉടമ്പടിയിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് രേഖ അംഗീകരിച്ച രാജ്യങ്ങൾക്ക് ബാധ്യതയില്ലെങ്കിൽ പോലും (Non-Binding) ഈ രണ്ടു ഉടമ്പടികളും വലിയ ചലനങ്ങളാണ് സൃഷ്ടിച്ചത്.

ഏകദേശം രണ്ടു വർഷത്തെ ചർച്ചകൾക്കും സംവാദങ്ങൾക്കും ഒടുവിൽ 2018 ഡിസംബറിൽ ആഗോള പ്രവാസ ഉടമ്പടി രേഖ ലോക രാജ്യങ്ങൾ അംഗീകരിച്ചു. പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും നാടിന്റെ വികസനത്തിൽ പ്രവാസികളുടെ സംഭാവനകൾ ഉപയോഗപ്പെടുത്തുവാനും ഉതകുന്നവയാണ് പ്രസ്തുത നിർദേശങ്ങൾ. ലോക കേരള സഭപോലെയുള്ള വേദികൾ രൂപീകരിക്കേണ്ടത് ഈ ഉടമ്പടി നടപ്പിൽ വരുത്തുന്നതിൽ സുപ്രധാനമാണ്. ആഗോളക്കരാർ വരുന്നതിനു മുന്നേ കേരളം ദീർഘദൃഷ്ടിയോടെ ലോക കേരള സഭയ്ക്കു രൂപം നൽകി എന്നത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്.

അന്താരാഷ്ട്രതലത്തിൽ പ്രമുഖ കുടിയേറ്റ ഇടനാഴികൾ കേന്ദ്രീകരിച്ച് കുടിയേറ്റത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഏറ്റവും ശ്രദ്ധ ആകർഷിച്ചത് ഏഷ്യയിലെ കുടിയേറ്റ പ്രഭവ രാജ്യങ്ങളും ആതിഥേയ രാജ്യങ്ങളും തമ്മിലുള്ള സർക്കാർ തല ഫോറമായ അബുദാബി ഡയലോഗ് (Abu Dhabi Dialogue) നടത്തിയ പരിശ്രമങ്ങളാണ്. ഇന്ത്യ ഉൾപ്പെടെ അംഗമായ ഈ സമിതി ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം നിയമപരമാക്കുന്നതിനും റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിനും ശക്തമായ നടപടികൾ കഴിഞ്ഞ വർഷങ്ങളിൽ സ്വീകരിക്കുകയുണ്ടായി.

ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന് ആശങ്കയുയർത്തുന്നതായിരുന്നു 'കഫാല' എന്ന തൊഴിൽ നിയമം. ഗൾഫ് കോർപ്പറേഷൻ കൗൺസിലിൽ ബഹ്റിൻ മാത്രമായിരുന്നു 'കഫാല' നിയമം പരിഷ്കരിക്കുവാൻ ശ്രമിച്ചത്. എന്നാൽ 2019 ഒക്ടോബറിൽ ഖത്തർ 'കഫാല' നിയമം പരിഷ്കരിച്ചു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. നല്ല ചില നീക്കങ്ങൾ ഉണ്ടായി എന്നു വിലയിരുത്തുമ്പോൾ തന്നെ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ലോക കുടിയേറ്റ രംഗം കൂടുതൽ സംഘർഷഭരിതവും പ്രശ്നസങ്കീർണ്ണവുമായി എന്നതാണ് വസ്തുത.

## ഇന്ത്യക്കാരുടെ കുടിയേറ്റത്തിലെ പ്രവണതകൾ

ഇന്ത്യ കുടിയേറ്റത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു രാജ്യമായി തുടരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസി പണം (remittance) ലഭിയ്ക്കുന്ന രാജ്യമാണ് ഇന്ത്യ. തൊട്ടടുത്ത സ്ഥാനക്കാരായ ചൈന(670 കോടി ഡോളർ), മെക്സിക്കോ, ഫിലിപ്പിൻസ്(340 കോടി ഡോളർ), ഈജിപ്ത് (260 കോടി ഡോളർ) എന്നിവരേക്കാൾ വളരെ മുന്നിലാണ് 800 കോടി ഡോളർ വിദേശ പണം ലഭിക്കുന്ന ഇന്ത്യയുടെ സ്ഥാനം. അതിലുപരിയായി ഏറ്റവും കൂടുതൽ തൊഴിൽ കുടിയേറ്റം സംഭവിക്കുന്നതും ഇന്ത്യയിൽ നിന്നാണ്. സ്ഥിര കുടിയേറ്റം ലക്ഷ്യമിട്ട് വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്ന ഇന്ത്യക്കാരും നിരവധിയാണ്. വർഷാവർഷം ഇന്ത്യയിലേക്ക് വരുന്ന 800 കോടി ഡോളർ വിദേശ പണം രാജ്യത്തിനു വലിയ മുതൽകൂട്ടാണ്. ഓരോ വർഷവും വിദേശ പണത്തിന്റെ ലഭ്യതയിൽ കാര്യമായ വർധനവ് ഉണ്ടാകാറുമുണ്ട്.

## പട്ടിക 1 – പ്രവാസികൾ അയയ്ക്കുന്ന പണം

| വർഷം | വിദേശ പണം (കോടി യുഎസ് ഡോളറിൽ) |
|---|---|
| 2007–08 | 372 |
| 2008–09 | 516 |
| 2009–10 | 550.6 |
| 2011–12 | 661 |
| 2012–13 | 676 |
| 2013–14 | 703.9 |
| 2014–15 | 663 |
| 2015–16 | 627 |
| 2016–17 | 653 |
| 2017–18 | 800 |

സ്രോതസ്സ്: വിവിധ ലോക ബാങ്ക് സർവ്വേ റിപ്പോർട്ടുകൾ

ഈ പണത്തിൽ പ്രധാന സംഭാവന നൽകുന്നത് അവിദഗ്ദ്ധ, അർദ്ധ – വിദഗ്ദ തൊഴിൽ ചെയ്യുന്ന താൽകാലിക പ്രവാസികളാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ പ്രകാരം ഇന്ത്യക്കാരായ പ്രവാസികളുടെ എണ്ണം 2019ലെ റിപ്പോർട്ട് പ്രകാരം 1.75 കോടിയാണ്. കഴിഞ്ഞ നാലു വർഷത്തിനിടെ പ്രവാസികളുടെ എണ്ണത്തിൽ 26 ലക്ഷത്തിൻറെ വർധനവാണു ഉണ്ടായിട്ടുള്ളത്. ഈ വിവരങ്ങൾ നമ്മുടെ എംബസ്സികൾ വഴിയും മറ്റും ശേഖരിച്ചതാണ്.

കേന്ദ്രസർക്കാരും രാജ്യാടിസ്ഥാനത്തിലുള്ള പ്രവാസികളുടെയും ഇന്ത്യൻ വംശജരുടെയും കണക്കു ലഭ്യമാക്കിയിട്ടുണ്ട്. 2018 ഡിസംബറിൽ 1.31 കോടി ഇന്ത്യൻ പ്രവാസികളും 1.79 കോടി ഇന്ത്യൻ വംശജരും ഉണ്ടെന്നാണ് കേന്ദ്ര സർക്കാർ രാജ്യസഭയിൽ അവതരിപ്പിച്ച വിവരങ്ങൾ കാണിക്കുന്നത്. രാജ്യാടിസ്ഥാനത്തിലുള്ള കണക്കുകൾ കാണിക്കുന്നത് ഏറ്റവും കൂടുതൽ ഇന്ത്യൻ പ്രവാസികൾ നിലവിലുള്ളത് യു.എ.ഇ.യിലാണെന്നാണ് (31 ലക്ഷം). രണ്ടാം സ്ഥാനം സൗദി അറേബ്യക്കുമാണ് (28 ലക്ഷം). അനൗദ്യോഗികമായ കണക്കുകൾ നിലവിലെ എണ്ണത്തിന്റെ എത്രയോ ഇരട്ടി അധികമാണെങ്കിൽ കൂടി ഇന്ത്യൻ പ്രവാസത്തിന്റെ ഒരു ഏകദേശ ചിത്രം ലഭിക്കുവാൻ ഇത്തരം കണക്കുകൾ സഹായകരമാണ്. അതെ സമയം ബ്യുറോ ഓഫ് ഇമ്മിഗ്രേഷന്റെ പക്കലുള്ള കൃത്യമായ വിവരങ്ങൾ പുറത്തു വിടാനോ സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കുവാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടുമില്ല.

ഇസിആർ ക്ലിയറൻസ് ആവശ്യമുള്ള രാജ്യങ്ങളിലേക്ക് കുടിയേറിയവരുടെ കണക്കുകൾ ലഭ്യമാണ്. 2019ൽ മാത്രം ഉത്തർ പ്രദേശിൽ നിന്ന് തൊഴിലിനായി കുടിയേറിയവർ 79,714 പേരാണ്, ബീഹാറിൽ നിന്ന് 39,095. അതേസമയം, കേരളത്തിൽ നിന്ന് 13,783 പേരാണ് ഇസിആർ രാജ്യങ്ങളിലേക്ക് ഈ വർഷം കുടിയേറിയത്. കേരളത്തിൽ നിന്നുള്ള അവിദഗ്ദ്ധ കുടിയേറ്റം കുറഞ്ഞു, കൂടാതെ വികസിത രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിനാണ് പ്രാമുഖ്യം എന്നൊക്കെയുള്ള കാരണങ്ങൾ ശരിയാണെങ്കിലും പ്രവാസത്തിന്റെ രംഗത്തേക്ക് പുതിയ സംസ്ഥാനങ്ങൾ വൻതോതിൽ കടന്നുവരുന്നു എന്ന വസ്തുത ശ്രദ്ധേയമാണ്.

സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ പ്രവാസികളുടെ എണ്ണത്തിലും വിതരണത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പരമ്പരാഗത കുടിയേറ്റം നടക്കുന്ന സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവയെ പിന്തള്ളി ഉത്തർ പ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങൾ മുന്നിലേക്ക് എത്തിയത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലാണ്.

## കേരളം ലോക കുടിയേറ്റ ഭൂപടത്തിൽ

കേരളത്തിലെ പ്രവാസ ചരിത്രവും അത് സംബന്ധിച്ച കണക്കുകളും ലോക കേരള സഭയുടെ ഒന്നാം സമ്മേളന രേഖയിൽ പരിശോധിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള പ്രവാസം നിരവധി പരിവർത്തനത്തിന് വിധേയമാകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ രണ്ടു വർഷത്തെ സ്ഥിതിയും വ്യത്യസ്തമല്ല. ഏറ്റവും പുതിയ കേരളാ മൈഗ്രേഷൻ സർവ്വേ കണക്കുകൾ കാണിക്കുന്നത് 21 ലക്ഷം മലയാളികൾ ഇന്ത്യക്ക് പുറത്ത് തൊഴിലെടുക്കുന്നു എന്നാണ്. പക്ഷെ കഴിഞ്ഞ കുറെ വർഷങ്ങളായി സർവ്വേ രേഖപ്പെടുത്തുന്ന പ്രവാസികളുടെ എണ്ണത്തിലെ കുറവ് ഇത്തവണയും ആവർത്തിച്ചു. 2013-18 കാലയളവിൽ ഏതാണ്ട് 3 ലക്ഷം പേരുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കേരളത്തെ സംബന്ധിച്ച് ഇതൊരു വലിയ സംഖ്യയാണ്.

## പട്ടിക 2 – കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം വിവിധ വർഷങ്ങളിൽ

| വർഷം | പ്രവാസികളുടെ എണ്ണം |
|---|---|
| 2013 | 24,00,375 |
| 2016 | 22,71,725 |
| 2018 | 21,21,887 |

സ്രോതസ്സ്: കേരള മൈഗ്രേഷൻ സർവ്വെ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

പ്രവാസികളുടെ യഥാർത്ഥ എണ്ണവും സർവ്വേ കണക്കുകളും തമ്മിൽ അന്തരമുണ്ടാകാനിടയുണ്ടെങ്കിലും പ്രവാസികളുടെ എണ്ണത്തിലെ കുറവ് പൊതുവേ എല്ലാവരും അംഗീകരിക്കുന്നതാണ്. പ്രധാനമായും രണ്ടു കാരണങ്ങളാണ് ഈ പ്രതിഭാസത്തെ സാധൂകരിക്കാനായി ഗവേഷകരും പ്രവാസി സംഘടനകളുമൊക്കെ അവതരിപ്പിക്കുന്നത്. പ്രധാന ആതിഥേയ രാജ്യങ്ങളായ ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം മൂലമുണ്ടാകുന്ന തൊഴിൽ നഷ്ടമാണ് ഒന്നാമത്തെ കാരണം രണ്ടാമതായി അവിദഗ്ദ്ധ തൊഴിലുകളിൽ നിന്ന് വിദഗ്ദ്ധ തൊഴിലുകളിലെക്കുള്ള മലയാളി പ്രവാസികളുടെ ചുവടുമാറ്റവും അതുവഴി വർധിച്ചു വരുന്ന വികസിത രാജ്യങ്ങളിലേക്കുള്ള കുടിയേറ്റവുമാണ്. വിദേശ പണത്തിന്റെ വരവിലുള്ള വർധനവ് ഈ വാദഗതിയെ ശക്തിപ്പെടുത്തുന്നതാണ്.

കേരളാ മൈഗ്രേഷൻ സർവ്വേ പ്രകാരം 2018ൽ 85,092 കോടി രൂപയാണ് വിദേശ പണത്തിന്റെ രൂപത്തിൽ സംസ്ഥാനത്ത് എത്തിയത്. ഇത് കഴിഞ്ഞ വർഷങ്ങളേക്കാൾ ഉയർന്ന സംഖ്യയാണ്. അതേസമയം തിരിച്ചുവരുന്ന പ്രവാസികളുടെ കണക്കുകൾ സ്വദേശവൽക്കരണം, ഗൾഫിലെ സാമ്പത്തിക പ്രതിസന്ധി എന്നീ വാദഗതികളെ ശക്തിപ്പെടുത്തുന്നതാണ്. ഏതാണ്ട് 12.95 ലക്ഷം പ്രവാസികൾ തിരിച്ചെത്തിയെന്നാണ് 2018 സർവ്വേ പ്രകാരം മനസിലാകുന്നത്. ഇത്തരം സങ്കീർണ്ണമായ പ്രശ്നങ്ങളാണ് പ്രവാസം സമ്മാനിക്കുന്നത്. ലഭ്യമായ കണക്കുകൾക്ക് അപ്പുറമാണ് കേരളത്തിലെ പ്രവാസവും പ്രവാസികളും നേരിടുന്ന വെല്ലുവിളികൾ.

## പട്ടിക 3 – കേരളത്തിലേക്കെത്തിയ പ്രവാസി നിക്ഷേപം വിവിധ വർഷങ്ങളിൽ

| വർഷം | നിക്ഷേപം (കോടി രൂപ) |
|---|---|
| 2011 | 49695 |
| 2013 | 71142 |
| 2018 | 85092 |

സ്രോതസ്സ്: കേരള മൈഗ്രേഷൻ സർവ്വെ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

# ഭാഗം രണ്ട്
# വികസന സമീപനം

കേരളത്തിന്റെ വികസനത്തിന് പ്രവാസി നിക്ഷേപത്തെ ഉപയോഗപ്പെടുത്തുക എന്ന കാഴ്ചപ്പാടുകൂടി ഉൾക്കൊണ്ടുകൊണ്ടാണല്ലോ ലോക കേരള സഭ ആരംഭിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തെ സഹായിക്കണമെങ്കിൽ ഈ രംഗത്ത് സർക്കാർ എടുക്കുന്ന സമീപനത്തെ മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ സർവ്വതോമുഖവും സമഗ്രവുമായ പുരോഗതിയിൽ അകത്തും പുറത്തുമുള്ള ഓരോ കേരളീയനും താൽപര്യമുണ്ടാവുക സ്വാഭാവികമാണ്. കേരള സമൂഹത്തിന്റെ സങ്കൽപത്തിലെ നവകേരളം സൃഷ്ടിക്കുന്നതിനുള്ള വലിയ പരിശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. കക്ഷി രാഷ്ട്രീയത്തിന് അതീതമായി വികസന പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതിന് അടിസ്ഥാനമായി ചില കാഴ്ചപ്പാടുകളും സ്വീകരിക്കുന്നുണ്ട്. ജനാധിപത്യം, ബഹുസ്വരത, മതനിരപേക്ഷത, സാമൂഹ്യനീതി, പരിസ്ഥിതി സുരക്ഷ എന്നിവയിൽ ഊന്നുന്ന സാമ്പത്തിക വളർച്ചയും വികസനവുമാണ് നവകേരള സൃഷ്ടിയിലൂടെ സംസ്ഥാനം ലക്ഷ്യമിടുന്നത്.

കേരളത്തിനും സംസ്ഥാന ഗവൺമെന്റിനും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ലഭിക്കുന്ന അംഗീകാരങ്ങൾ ഈ രംഗത്തെ മുന്നേറ്റത്തെ വ്യക്തമാക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകൾ, നീതി ആയോഗ്, ദേശീയ മാധ്യമങ്ങൾ, സ്വതന്ത്ര ഏജൻസികൾ എന്നിവയിൽ നിന്നെല്ലാം ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനത്തിനുള്ള പുരസ്കാരം സംസ്ഥാനത്തിനു ലഭിച്ചുവരുന്നുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ സുസ്ഥിര വികസന സൂചകങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് എന്നു കണ്ടെത്തിയത് നീതി ആയോഗാണ്. അഴിമതി നിർമ്മാർജ്ജനം, ക്രമസമാധാനം, പൊതുവിദ്യാഭ്യാസം, ആരോഗ്യരക്ഷ, ഭിന്നശേഷിക്കാരുടെ സംരക്ഷണം, തദ്ദേശഭരണം തുടങ്ങി ഒട്ടേറെ മേഖലകളിൽ അടുത്ത കാലത്ത് കേരളത്തെ ദേശീയ പുരസ്കാരങ്ങൾ തേടിയെത്തുകയുണ്ടായി.

കേരളം ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗച്ചെലവുള്ള സംസ്ഥാനമാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കുന്ന തരത്തിലാണ്. കേരളം അഭിമാന കരമായ ഈ കുതിപ്പു തുടരുന്നതിനിടയിലാണ് കാലാവസ്ഥാമാറ്റത്തിന്റെയും പരിസ്ഥിതി അപകടങ്ങളുടെയും ഭീഷണി ഉയർന്നത്. കാലാവസ്ഥയിലും പരിസ്ഥിതിയിലുമുണ്ടാകുന്ന മാറ്റങ്ങൾ ആഗോള പ്രതിഭാസങ്ങളുടെ ഭാഗമാണ് എന്നതുകൊണ്ട് കേരളത്തിന് മാത്രമായി അവയ്ക്കു പരിഹാരം കണ്ടെത്താൻ കഴിയില്ല. അതുകൊണ്ട് കാലാവസ്ഥാ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് അവയെ അതിജീവിച്ചു മുന്നോട്ടുപോകാനുള്ള ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്. അതാണ് കേരള പുനർനിർമ്മാണ പരിപാടിയിലൂടെ (റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ) കേരളം ലക്ഷ്യമിടുന്നത്.

സുസ്ഥിര വികസനത്തിന്റെ നവകേരളം കെട്ടിപ്പടുക്കുന്നതിനു ഒരു ബഹുമാനവികസന സമീപനമാണ് കേരളം സ്വീകരിക്കുന്നത്. ഇതിൽ ഒന്നാമത്തേത് സാമൂഹ്യവും ഭൗതികവുമായ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ്. കേരളം സാമൂഹ്യ പശ്ചാത്തല കാര്യങ്ങൾക്കാണ് നേരത്തേ വലിയ മുൻഗണന നൽകിയത്. ക്രമസമാധാന പാലനം, ജീവനും സ്വത്തിനും സംരക്ഷണം, വർഗീയതയടക്കമുള്ള എല്ലാ വിഭാഗീയതകളെയും പടിക്കു പുറത്തു നിർത്തുന്ന സമീപനം, മതനിരപേക്ഷത, ബഹുസ്വരത, സാമൂഹ്യനീതിയും സാമൂഹ്യ സുരക്ഷയും, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ട്രാൻസ് ജെന്ററുകൾ, ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ, അഗതികൾ എന്നിവർക്കു നൽകുന്ന പ്രത്യേക പരിരക്ഷ, സമ്പൂർണ്ണ സാക്ഷരത, എല്ലാവർക്കും സൗജന്യവും സാർവ്വത്രികവുമായ പൊതുവിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യസുരക്ഷ, പൊതുവിതരണം, വിപുലമായ സാങ്കേതിക വിദ്യാഭ്യാസ- ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ തുടങ്ങിയവയൊക്കെ വികസനത്തിനു പിൻബലം നൽകുന്ന സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളാണ്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ നാലു മിഷനുകളും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും സംയുക്തമായി ഭാവിവികസനത്തിനു മുതൽകൂട്ടാവുന്ന സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.

ഭൗതിക പശ്ചാത്തല സൗകര്യങ്ങൾക്ക് നേരത്തെ വേണ്ടത്ര മുൻഗണന നൽകാൻ കഴിയാതിരുന്നത് കേരളത്തിന്റെ വികസനത്തിനു വിഘാതമായി എന്നത് സത്യമാണ്. ആ പോരായ്മ നികത്താനുള്ള ഭഗീരഥ പ്രയത്നത്തിലാണ് ഇപ്പോൾ സംസ്ഥാന സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. റോഡ്, റെയിൽവെ, വ്യോമ-ജലഗതാഗത മേഖലകളിൽ നാം അടുത്തകാലത്തായി കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതി കേരളചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. അതിന്റെ വിശദാംശങ്ങൾ ഈ സമ്മേളനത്തിൽ വിതരണം ചെയ്യുന്ന മറ്റു രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഊർജ്ജോത്പാദനവും വിതരണവും, വാർത്താ-വിവര വിനിയമം, വിവര സാങ്കേതികവിദ്യയടക്കമുള്ള നവ സാങ്കേതിക മേഖലകൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിലും അഭൂതപൂർവ്വമായ പുരോഗതിയാണ് സമീപകാലത്ത് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച വിശദവിവരങ്ങളും ഇവിടെ ലഭ്യമാക്കുന്നുണ്ട്.

സാമൂഹ്യ-ഭൗതിക പശ്ചാത്തല സൗകര്യങ്ങളുടെ മേഖലയിലെ ഈ കുതിച്ചുചാട്ടം വലിയതോതിൽ ചെറുകിട വൻകിട നിക്ഷേപങ്ങൾക്കു ഉത്തേജനമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. പക്ഷെ, മെച്ചപ്പെട്ട പശ്ചാത്തലസൗകര്യം ഉപയോഗിച്ച് നിക്ഷേപങ്ങൾ ആകർഷിക്കണമെങ്കിൽ ഭരണരംഗത്തെ അനാവശ്യമായ ചുവപ്പുനാടകങ്ങളും കാലതാമസവും ഒഴിവാക്കിയെ മതിയാവൂ. ഈ ലക്ഷ്യം നേടാൻ നിയമനിർമ്മാണവും ഇതര ഭരണപരിഷ്കാര നടപടികളും സംസ്ഥാനം യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്തു വരികയാണ്. ഭരണരംഗത്തെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങളും ഇവിടെ ലഭ്യമാക്കുന്നുണ്ട്.

പുതിയ നിക്ഷേപത്തിന്റെ ഒരു സ്രോതസ്സ് തീർച്ചയായും കേന്ദ്ര-സംസ്ഥാന പൊതുമേഖലയാണ്. കേന്ദ്ര സർക്കാർ ഉള്ള പൊതുമേഖലപോലും സ്വകാര്യവൽക്കരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. നഷ്ടത്തിലായിരുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്ക് നയിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ 258.29 കോടി രൂപ ലാഭത്തിലായിരിക്കുന്നു. ആവശ്യമായ മേഖലകളിൽ പൊതുമേഖലാ നിക്ഷേപം നടത്തും എന്നതാണ് കേരള സർക്കാരിന്റെ സമീപനം. ഒപ്പം പൊതുമേഖലയിലെ വിഭവപരിമിതി മറികടക്കാൻ സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനവും സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിനോട് സ്വകാര്യ നിക്ഷേപകരുടെ ഭാഗത്തു നിന്നും നല്ല പ്രതികരണമാണ് ഉണ്ടാവുന്നത്. സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ പ്രവാസികളുടെ സംരംഭങ്ങൾക്കു മുൻഗണനയും ആവശ്യമായ പിന്തുണയും നൽകണം എന്നതാണ് സർക്കാരിന്റെ സമീപനം. ഇവിടെ പ്രതിപാദിച്ച രീതിയിൽ സുസ്ഥിരവികസനത്തിന്റെ പാതയിലേക്കു സംസ്ഥാനം പുരോഗമിക്കുന്നതോടു കൂടി പ്രവാസത്തോടുള്ള സമീപനത്തിലും നമുക്കു ഒരു പ്രധാന മാറ്റം വരുത്താൻ കഴിയും. തുച്ഛമായ പ്രതിഫലം മാത്രം ലഭിയ്ക്കുന്നതും അനാകർഷകമായ തൊഴിൽ സാഹചര്യം നിലനിൽക്കുന്നതുമായ രംഗങ്ങളിലേക്കുള്ള കുടിയേറ്റം നമുക്കു വേണ്ടെന്നു വെയ്ക്കാൻ കഴിയണം. നിവൃത്തിയില്ലാത്തതുകൊണ്ടും ഗതിമുട്ടിയതുകൊണ്ടുമുള്ള കുടിയേറ്റത്തിന്റെ സ്ഥാനത്ത് മെച്ചപ്പെട്ട സേവന-വേതന-നിക്ഷേപ അവസരങ്ങൾ തെരഞ്ഞെടുത്തു പ്രവാസത്തിലേക്കു പോകുന്ന അവസ്ഥയാണ് ഉണ്ടാവേണ്ടത്.

ലേക കേരള സഭയുടെ താല്പര്യം ഭാഷാപരമോ പ്രദേശാധിഷ്ഠിതമോ ആയ സങ്കുചിത ചിന്തകളെ പ്രോത്സാഹിപ്പിക്കുകയല്ല എന്നത് ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. യഥാർത്ഥത്തിൽ അത്തരം സങ്കുചിതത്വത്തിനു എതിരായ ഒരു വേദിയാണ് ലോക കേരള സഭ. ലോകത്തെ എല്ലാ പ്രധാന സാംസ്കാരിക ധാരകളോടും ഇടപഴകിയും സഹകരിച്ചും മുന്നേറിയ ചരിത്രമാണ് കേരളത്തിന്റേത്. കേരളത്തിനു പുറത്തുനിന്നും കേരളത്തിലേക്ക് കുടിയേറുന്നവരോടുള്ള സമീപനത്തിൽ ഇത് വളരെ വ്യക്തമാകുന്നുണ്ട്. കേരളത്തിലേക്കു കുടിയേറുന്ന മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികളെ നാം കാണുന്നത് അതിഥികളായാണ്. അതിഥി തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനും ക്ഷേമം ഉറപ്പാക്കാനും സവിശേഷ ശ്രദ്ധയാണ് സർക്കാരും പ്രാദേശിക സമൂഹങ്ങളും കാണിക്കുന്നത് എന്നതും അഭിമാനകരമാണ്.

## ഭാഗം മൂന്ന്

# ഒന്നാം സമ്മേളനം; തീരുമാനങ്ങളും നിർവ്വഹണവും

ഒന്നാം സമ്മേളനത്തിൽ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രവാസികളുടെ ഇടപെടലുകൾ ഫലപ്രദമാക്കുന്നതിനുള്ള കാഴ്ചപ്പാടുകളാണ് മുന്നോട്ടുവച്ചത്. ഇവിടെ ഉരുത്തിരിഞ്ഞു വന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ 2018 ഏപ്രിൽ 23നു മേഖലാ അടിസ്ഥാനത്തിലുള്ള ഏഴു സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ലോക കേരള സഭയുടെ സമ്മേളനങ്ങളുടെ നടത്തിപ്പിനു വേണ്ട പിൻതുണ നൽകുക; സഭയുടെ നിർദ്ദേശങ്ങൾ സംസ്ഥാനസർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനു മുൻകൈ എടുക്കുക; അകംകേരളവും പുറംകേരളവും തമ്മിലുള്ള പാരസ്പര്യത്തെ ശക്തിപ്പെടുത്തുക എന്നീ കാഴ്ചപ്പാടോടെ സെക്രട്ടറിയേറ്റ് രൂപീകരിക്കുകയും ചെയ്തു. (ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്.)

സ്റ്റാൻഡിംഗ് കമ്മിറ്റികൾ പലവിധ കൂടിയാലോചനകൾക്കു ശേഷം സെക്രട്ടറിയേറ്റിനു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സെക്രട്ടറിയേറ്റിന്റെ ആദ്യ മീറ്റിംഗ് 2018 സെപ്റ്റംബർ 30നു നടന്നു. സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 48 നിർദ്ദേശങ്ങളും അവയുടെ പ്രായോഗിക വശങ്ങളും സാമ്പത്തിക ലഭ്യതയും അടിസ്ഥാനമാക്കി പരിശോധിച്ച് നിർദേശങ്ങളെ 10 ആയി ചുരുക്കി.

അവയിൽ പ്രവാസി നിക്ഷേപവുമായി ബന്ധപ്പെട്ടു പ്രവാസി നിക്ഷേപ കമ്പനിയുടെ രൂപീകരണം; പ്രവാസി സഹകരണ സംഘത്തിന്റെ രൂപീകരണം; പ്രവാസി ബാങ്കിന്റെ രൂപീകരണം; പ്രവാസി നിർമ്മാണ കമ്പനിയുടെ രൂപീകരണം എന്നീ നിർദ്ദേശങ്ങളും, പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ടു സ്ത്രീ പ്രവാസി സെല്ലിന്റെ രൂപീകരണവും തിരിച്ചെത്തിയ പ്രവാസികൾക്ക് ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കലും; പ്രവാസി ഫെസിലിറ്റേഷൻ സെന്ററിന്റെയും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ സെന്ററിന്റെയും രൂപീകരണം എന്നീ നിർദ്ദേശങ്ങളും, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ടു നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം; അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം എന്നീ നിർദ്ദേശങ്ങളും; കല-സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ടു പ്രവാസി യുവജനോത്സവം സംഘടിപ്പിക്കുക; പ്രവാസികൾക്കായി ആനുകാലിക പ്രസിദ്ധീകരണം ആരംഭിക്കുക എന്നീ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിൽ പ്രവാസി ബാങ്കും പ്രവാസി യുവജനോത്സവവും ഒഴിച്ച് മറ്റു ഏഴു നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. (ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്)

## നോർക്കയും ബന്ധപ്പെട്ട സ്ഥാപനങ്ങളും നടത്തിയ പ്രവർത്തനങ്ങൾ

ലോക കേരള സഭയിൽ നടന്ന ചർച്ചകൾ പരിഗണിച്ചുകൊണ്ട് നോർക്ക വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സർക്കാരിന്റെ മറ്റു വകുപ്പുകളും നിരവധി മറ്റു പരിപാടികൾ ഈ മേഖലയിൽ ഇതിനുപുറമെ ഏറ്റെടുത്തിട്ടുണ്ട്. രണ്ടു തലങ്ങളിലായാണ് സർക്കാർ പ്രധാനമായും ഇടപെടുന്നത്. സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ള പ്രവാസികളുടെ വിഭവശേഷി കേരളത്തിന്റെ പൊതുവായ വികസനത്തിനായി ഉപയോഗപ്പെടുത്തലാണ് ആദ്യത്തെ തലം. ഇത്തരം പദ്ധതികളുടെ ഫലമായി രൂപപ്പെട്ടുവരുന്ന പ്രൊജക്ടുകൾ ഗൾഫിലടക്കമുള്ള പ്രവാസികളുടെ അടുത്ത തലമുറകൾക്കടക്കം പ്രയോജനപ്പെടും. താഴ്ന്ന വരുമാനത്തിൽ, ജീവിതവൈഷമ്യങ്ങളിൽ കഴിയുന്ന പ്രവാസികളുടെ ക്ഷേമം, പുനരധിവാസം തുടങ്ങിയവ ഉറപ്പുവരുത്താൻ വേണ്ടിയുള്ള ഇടപെടലാണ് രണ്ടാമത്തെ തലം. ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചിട്ടുള്ളത് ഈ പശ്ചാത്തലത്തിലാണ്. ഇതിന്റെ പ്രചരണത്തിനും നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനുമാണ് നോൺ റെസിഡന്റ് കേരള എമർജിങ് എൻട്രപ്രെണേഴ്സ് മീറ്റ് ദുബായിൽ സംഘടിപ്പിച്ചത്. വളരെ നല്ല പ്രതികരണമാണ് ദുബായ് മീറ്റിൽ ഉണ്ടായത്. കൊച്ചിയിൽ സംഘടിപ്പിച്ചിരിക്കുന്ന സംരംഭക സമ്മേളനം ഇതിന്റെ തുടർച്ചയാണ്.

സംസ്ഥാനത്തേക്കു വലിയ അളവിലും ഗുണത്തിലുമുള്ള നിക്ഷേപം ഇതിലൂടെ ആകർഷിക്കാൻ കഴിയും എന്ന കാര്യത്തിൽ സർക്കാരിനു ഉറപ്പുണ്ട്. അത്തരത്തിലുള്ള വലിയ വിഭവസമാഹരണം മാത്രമല്ല നാം നടത്തുന്നത്. കെഎസ്എഫ്ഇ പ്രവാസി ചിട്ടി പോലെയുള്ള സംരംഭങ്ങളിലൂടെ പ്രവാസികൾക്ക് സുരക്ഷിതമായ സമ്പാദ്യം ഉറപ്പുവരുത്തുകയും അതേസമയം, അതിലൂടെ ലഭ്യമാകുന്ന നിക്ഷേപം വികസന ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുകയാണ്. ഇതിന്റെ ഭാഗമായി പ്രവാസി ഡിവിഡന്റ് പദ്ധതിയും നടപ്പിലാക്കുകയാണ്. പ്രവാസിക്ഷേമ ബോർഡ് വഴി സ്വീകരിക്കുന്ന നിക്ഷേപങ്ങൾ കിഫ്ബിയുടെയും സർക്കാരിന്റെയും വിഹിതങ്ങൾ ചേർത്ത് സർക്കാർ ഗ്യാരന്റിയോടെ നിക്ഷേപകർക്ക്

10 ശതമാനം ഡിവിഡന്റ് ലഭിക്കുന്ന പദ്ധതിയാണ് ഇത്. നാലാം വർഷം മുതൽ ഡിവിഡന്റ് നിക്ഷേപകർക്ക് ലഭിക്കും. നിക്ഷേപകന്റെ മരണ ശേഷം പങ്കാളിക്കും ഇത് ലഭ്യമാകും. പങ്കാളിയുടെ മരണശേഷം നോമിനിക്കോ അവകാശിക്കോ നിക്ഷേപത്തുക തിരികെ നൽകുകയും ചെയ്യും.

പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് നോർക്ക റൂട്ടസിന്റെ കീഴിൽ 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കുകയും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയുമാണ് ഈ സെന്ററുകളിലൂടെ നാം ചെയ്യുന്നത്.

തിരികെ വരുന്ന പ്രവാസി സഹോദരങ്ങളുടെ പുനരധിവാസം എന്ന ലക്ഷ്യം മുൻനിർത്തിയാണ് 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' (എൻഡിപ്രേം) നടപ്പാക്കുന്നത്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുന്നതിനും 20 ലക്ഷം വരെയുള്ള വായ്പയ്ക്ക് 15 ശതമാനം മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് എൻഡിപ്രേം പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ചിരുന്ന 15 കോടി രൂപ 791 പേർക്ക് ഈ പദ്ധതിയിലൂടെ മൂലധന/പലിശ സബ്സിഡിയായി നൽകിയിട്ടുണ്ട്. സബ്സിഡി കൂടുതൽ കാര്യക്ഷമവും, വിപുലവുമാക്കുന്നതിന്റെ ഭാഗമായി പങ്കാളികളായ ധനകാര്യസ്ഥാപനങ്ങളുടെ എണ്ണം 14 ആയി വർധിപ്പിക്കാൻ പ്രമുഖ ബാങ്കുകളുമായി ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. അതിന്റെ ഫലമായി ഈ സ്ഥാപനങ്ങളിലെ നാലായിരത്തി അഞ്ഞൂറോളം ശാഖകളിൽ നിന്നും എൻഡിപ്രേമിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുകയാണ്.

പ്രവാസജീവിതം കഴിഞ്ഞ് മടങ്ങിയെത്തുന്നവരിൽ പലരും ശാരീരികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്നവരാണ്. അവരുടെ ക്ഷേമം മുൻനിർത്തിയാണ് 'സാന്ത്വന' എന്ന പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 25 കോടി രൂപയും ഗുണഭോക്താകൾക്കായി വിതരണം ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 25 കോടി രൂപയിൽ 10 കോടിയോളം രൂപ ഇതുവരെയായി 1,718 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

പ്രവാസികളുടെ നിക്ഷേപം സ്വരൂപിക്കുകയും മടങ്ങിവരുന്നവരുടെ ക്ഷേമം ഉറപ്പാക്കുകയും മാത്രമല്ല സർക്കാർ ചെയ്യുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ പ്രവാസജീവിതത്തിനായി തയ്യാറെടുക്കുന്നതു മുതൽ അവർക്കുവേണ്ട സഹായം ലഭ്യമാക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ്. അതിൽ പ്രധാനപ്പെട്ടതാണ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാക്കുവാൻ ആരംഭിച്ചിരിക്കുന്ന സംവിധാനം. നോർക്ക റൂട്ട്സ് ആസ്ഥാനത്ത് ഒരു റിക്രൂട്ടമെന്റ് വിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ നിയമപരവും സുതാര്യവും സുരക്ഷിതവുമായ മാർഗങ്ങളിലൂടെ വിദേശത്ത് കുടിയേറുവാൻ ഉദ്യോഗാർഥികളെ സഹായിച്ചു വരികയാണ്. വിദേശരാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. അതിലൂടെ നഴ്സുമാർ, ഡോക്ടർമാർ, ടെക്നീഷ്യന്മാർ, വീട്ടുജോലിക്കാർ തുടങ്ങി നിരവധി തൊഴിൽമേഖലകളിലേക്ക് ഇപ്പോൾ നിയമപരമായും സുതാര്യമായും സുരക്ഷിതമായും റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. ഇത് റിക്രൂട്ട്മെന്റ് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് സാധാരണ തൊഴിലാളികളെ അടക്കം മോചിപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുമുണ്ട്.

വിദേശത്ത് ജോലിക്കു ശ്രമിക്കുന്ന മലയാളികൾക്ക് ഏറെ സമയനഷ്ടം ഉണ്ടാക്കിയിരുന്ന കാര്യമാണ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ. ഇതിന് പരിഹാരമായാണ് എല്ലാ ജിസിസി രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനുവേണ്ടിയുള്ള സൗകര്യം (എച്ച്ആർഡി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിൽ ഒരുക്കിയിട്ടുള്ളത്. മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സർട്ടഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക റൂട്ടസ്. കോഴിക്കോട്ടും എറണാകുളത്തും നോർക്കയുടെ റീജണൽ ഓഫീസുകൾ ആരംഭിച്ചതുതന്നെ നമ്മുടെ പ്രവാസി സഹോദരങ്ങൾക്ക് അവരുടെ നാടിനോടു ചേർന്നുള്ള ഇടത്തുനിന്നുതന്നെ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നുറപ്പാക്കാനാണ്. യുഎഇ കൂടാതെ സൗദി, കുവൈത്ത്, ഖത്തർ, ബഹറിൻ എന്നീ രാജ്യങ്ങളിലേക്കുള്ള എംബസ്സി അറ്റസ്റ്റേഷൻ നോർക്ക റൂട്ട്സ് തുടങ്ങി. കുവൈത്ത് വിസ സ്റ്റാമ്പിംഗ്, Non-HRD സർട്ടിഫിക്കറ്റുകളുടെ ഹോം അറ്റസ്റ്റേഷൻ എന്നിവ തുടങ്ങി. യുഎഇ യിലേക്കുള്ള commercial document ന്റെ എംബസി അറ്റസ്റ്റേഷൻ തുടങ്ങി.

പ്രവാസികൾക്ക് കേരള സർക്കാരുമായി ബന്ധപ്പെടുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായാണ് പ്രവാസി

ഐഡി കാർഡ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ഈ മൾട്ടിപർപ്പസ് ഫോട്ടോ ഐഡന്റിറ്റി കാർഡുള്ള ഏതു പ്രവാസി കേരളീയനും നോർക്ക റൂട്ട്സിലൂടെ സേവനങ്ങൾ എളുപ്പം ലഭ്യമാകുന്നതാണ്. ഇതിനുപുറമെ രണ്ടുലക്ഷം രൂപയുടെ പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് കവറേജു കൂടി ഓരോ കാർഡ് ഹോൾഡർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ നാലു ലക്ഷം പേർ ഓൺലൈനായി തന്നെ ഐഡി കാർഡ് കൈപറ്റിയിട്ടുണ്ട്.

പ്രവാസി നിയമസഹായ സെല്ലിലൂടെ കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സേവനം സൗജന്യമായി ലഭ്യമാക്കുകയാണ്. ജോലിസംബന്ധമായും, വിസ, പാസ്പോർട്ട്, മറ്റു സാമൂഹ്യ പ്രശ്നങ്ങൾ, ആശുപത്രി ചികിത്സ, ജയിൽ ശിക്ഷ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സേവനമാണ് ഇതിലൂടെ നൽകുന്നത്. അങ്ങനെ നിസ്സഹായരായ പ്രവാസി മലയാളികൾക്ക് നിയമസഹായം നിഷേധിക്കപ്പെടുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുകയാണ് സർക്കാർ.

ലോകമെമ്പാടുമുള്ള പ്രവാസി കേരളീയർക്കായി 2019 ഫെബ്രുവരി 15 മുതൽ ടോൾ ഫ്രീ നമ്പർ സൗകര്യത്തോടു കൂടി ഗ്ലോബൽ കോണ്ടാക്ട് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിൽ നിന്നും നോർക്കയിൽനിന്നും പ്രവാസികൾക്കു ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് വിവരങ്ങൾ ആരായാനും അവരുടെ പരാതികൾ അധികൃതരെ അറിയിക്കാനുമുള്ള സൗകര്യമാണ് ഇതിലൂടെ ഉണ്ടായിരിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ സംവിധാന വുമായി ടെലിഫോണിലൂടെയോ ലൈവ് ചാറ്റിലൂടെയോ ഇ-മെയിലിലൂടെയോ എസ്എംഎസിലൂടെയോ ബന്ധപ്പെടാൻ കഴിയും. 33 രാജ്യങ്ങളിൽ നിന്നായി 1,35,713 പേർ ഇതുവരെ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ നോർക്ക-റൂട്ട്സിന്റെ സേവനങ്ങൾ പ്രവാസി മലയാളികൾക്കിടയിൽ പ്രചരിപ്പിക്കാനുതകുന്ന വിധത്തിൽ വെബ്പോർട്ടൽ നവീകരിച്ചിട്ടുണ്ട്.

പ്രവാസികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് മാറുന്ന കാലത്തിനും വളരുന്ന സാങ്കേതികവിദ്യക്കും അനുസൃതമായ ശേഷികളുടെയും നൈപുണ്യത്തിന്റെയും അഭാവം. അത് പരിഹരിക്കാനുതകുന്ന വിധത്തിൽ നൈപുണ്യ വികസന ത്തിനായി ഐസിടി അക്കാദമിയോടു ചേർന്ന് നോർക്ക റൂട്ട്സ് വിവിധ ട്രെയിനിങ്ങുകളും ശേഷി വികസന പരിപാടികളും നടത്തുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നവർ അനുഭവിക്കുന്ന നൈപുണ്യമില്ലായ്മയെ പറ്റി വിശദമായി ചർച്ച ചെയ്യാനും അതിനെ മറികടക്കാൻ വേണ്ട സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പ്രവാസജീവിതത്തിൽ ഉണ്ടാവുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അവധിക്കാലങ്ങളിൽ ഉണ്ടാവുന്ന അനിയന്ത്രിതമായ വിമാനക്കൂലി വർധനവ്. ഗൗരവകരമായ ഈ പ്രശ്നത്തിൽ കൃത്യമായി ഇടപെടാനും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു മുമ്പാകെ ഈ പ്രശ്നം കൊണ്ടുവരാനും സംസ്ഥാന സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വ്യോമയാന സെക്രട്ടറിയുമായി ചർച്ച നടത്തി കേരളത്തിലേക്ക് കൂടുതൽ സർവീസുകൾ നേടിയെടുക്കാനും നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇതിനൊക്കെ പുറമെ നോർക്കയുടെ പ്രവാസി ഐഡി കാർഡുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒമാൻ എയർലൈൻസിൽ യാത്രാക്കൂലിയുടെ ഏഴുശതമാനം ഇളവ് ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. ഇത് കൂടുതൽ വിമാനകമ്പനികളിൽനിന്ന് നേടിയെടുക്കാൻ വേണ്ട പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഇപ്പോൾ കേരള സർക്കാർ.

അസുഖബാധിതരായി തീരുന്ന പ്രവാസികൾക്ക് പലപ്പോഴും അപ്രതീക്ഷിതമായി നാട്ടിലേയ്ക്ക് മടങ്ങേണ്ടിവരുന്ന സ്ഥിതിയുണ്ടാവുന്നുണ്ട്. അങ്ങനെയുള്ളവരെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്നവരെ കേരളത്തിലെ ഏതു വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യ മായി എത്തിക്കാൻ നോർക്ക എമർജൻസി ആംബുലൻസ് സർവീസ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ ക്ഷേമപദ്ധതി ഒട്ടനവധി പേർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

പ്രവാസജീവിതം കഴിഞ്ഞ് മടങ്ങിയെത്തുന്ന നമ്മുടെ പല സഹോദരങ്ങളും സാമ്പത്തികമായ പരിമിതികൾ അനുഭവി ക്കേണ്ടിവരുന്നുണ്ട് എന്നതാണു വസ്തുത. അവരുടെ കരുതൽ ഉറപ്പാക്കുന്ന നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതുകൊണ്ടാണ് പ്രവാസി പെൻഷൻ പ്രതിമാസം 500 രൂപയിൽനിന്ന് വർധിപ്പിച്ച് 2000 രൂപ എന്ന നിരക്കിലേക്ക് ഉയർത്തിയിരിക്കുന്നത്. ഏറ്റവും ഉയർന്ന നിരക്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ നൽകുന്ന സംസ്ഥാനമാണ് കേരളം. പ്രവാസിജീവിതത്തിലുടനീളം കേരളത്തിന്റെ വളർച്ചയെ മുൻനിർത്തി പ്രവാസികൾ നൽകുന്ന സംഭാവനകളെ വിലമതിച്ചുകൊണ്ടാണ് പ്രവാസികൾക്കും ഉയർന്ന നിരക്കിൽ സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്നത്.

പ്രവാസജീവിതം സുഖകരമാക്കുന്നതിനുതകുന്ന വിധം നിരവധി കാര്യങ്ങൾ ഷാർജാ ഭരണാധികാരിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കേരളവും യുഎഇയും അവയിൽ പലതിലും ഒരുമിച്ചു നടപടികൾ എടുക്കുന്ന നിലയുണ്ടാകു വാനും ഇടയായിട്ടുണ്ട്. പ്രവാസി മലയാളികൾക്ക് താങ്ങാവുന്ന നിലയിൽ ഭവനസമുച്ചയങ്ങൾ നിർമിക്കാനും എൻജി നീയറിങ് കോളേജ്, മെഡിക്കൽ കോളേജ്, പബ്ലിക് സ്കൂൾ എന്നിവയടങ്ങുന്ന ആഗോളനിലവാരമുള്ള വിദ്യാഭ്യാസകേന്ദ്രം

ആരംഭിക്കാനും കേരളത്തിന്റെ സംസ്കാരവും ആയുർവേദവും അവതരിപ്പിക്കുന്ന സാംസ്കാരിക കേന്ദ്രം യാഥാർത്ഥ്യമാക്കാനുമുള്ള നടപടികൾ അതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുണ്ട്.

തടവിൽ കഴിഞ്ഞിരുന്ന 149 ഇന്ത്യക്കാരെ ഷാർജ സുൽത്താനുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ മോചിപ്പിക്കാൻ കഴിഞ്ഞിരുന്നു. തടവിലായിരുന്ന മലയാളികൾ ഉൾപ്പെടെയുള്ളവരുടെ മോചനം നേടിയെടുക്കാൻ വരെ നമുക്കു കഴിഞ്ഞു എന്നത് എത്രമാത്രം ഗൗരവത്തോടെയാണ് പ്രവാസികളുടെ പ്രശ്നങ്ങളെ സർക്കാർ കാണുന്നത് എന്നതിനുള്ള തെളിവാണ്.

## ഭാഗം നാല്

# പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ബഹുഭൂരിപക്ഷം വരുന്ന പ്രവാസികളും നേരിടുന്നത് അതിജീവനത്തിന്റെയും നിലനിൽപ്പിന്റെയും പ്രശ്നങ്ങളാണെങ്കിൽ വളർച്ചയുടെയും അഭിവൃദ്ധിയുടെയും ഭാഗമായി ഉണ്ടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന പ്രവാസികളുടെ എണ്ണവും ചെറുതല്ല. പ്രവാസികളുടെയും, അഭയാർത്ഥികളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു ഫല പ്രദമായ അന്തർദേശീയ ഉടമ്പടികളോ ദേശീയ സംവിധാനങ്ങളോ ഇല്ല എന്നതാണ് വളരെ ഗൗരവമുള്ള കാര്യം.

സാധനങ്ങളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും കയറ്റിറക്കുമതി സംബന്ധിച്ച് പ്രാദേശിക കരാറുകളും ബഹുരാഷ്ട്രക്കരാറുകളും ബന്ധപ്പെട്ട സംഘടനാ സംവിധാനവും സർവ്വത്രയുണ്ട്. ലോകവ്യാപാര സംഘടനയും ആസിയാൻ കരാറുമെല്ലാം അതിനു ഉദാഹരണങ്ങളാണ്. എന്നാൽ കുടിയേറ്റവും പ്രവാസവും സംബന്ധിച്ച് അത്തരം കരാറുകൾ നിലവിലില്ല. ഉള്ളവയാകട്ടെ ദുർബലവും വ്യവസ്ഥകൾ നടപ്പിലാക്കാൻ അംഗരാജ്യങ്ങളെ നിർബന്ധിക്കാൻ അധികാരം ഇല്ലാത്തവയുമാണ്. വിവിധങ്ങളായ സ്വതന്ത്രവ്യാപാര കരാറുകളിൽ ഏർപ്പെടുന്ന ഇന്ത്യയ്ക്കു സാധനങ്ങളുടെയും സേവനങ്ങളുടെയും ഇറക്കുമതി നിയന്ത്രിക്കാൻ ഇപ്പോൾ വലിയ പരിമിതിയുണ്ട്. എന്നാൽ തൊഴിലാളികളുടെ പ്രവേശന ത്തെ സ്വതന്ത്രമാക്കാൻ വികസിത രാജ്യങ്ങൾ തയ്യാറല്ല. നിലവിലുള്ള ലോകക്രമത്തിലെ ഒരു വലിയ അസമത്വത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കുടിയേറ്റത്തെയും, കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തെയും സംബന്ധിച്ച ദേശീയ നയത്തിന്റെയും നിയമങ്ങളുടെയും അഭാവവും ഇവിടെ ശ്രദ്ധേയമാണ്. ആതിഥേയ രാജ്യങ്ങൾ കുടിയേറ്റ തൊഴിലാളികളോടുള്ള നയം വളരെ അവ്യക്തമായി നിലനിർത്തുന്ന രീതി വ്യാപകമാണ്. ഇത്തരത്തിലുള്ള നിസ്സംഗ സമീപനം തന്നെ തൊഴിൽശക്തി കയറ്റുമതി ചെയ്യുന്ന പല രാജ്യങ്ങളും സ്വീകരിക്കുന്നുണ്ട്.

ഏറ്റവും കൂടുതൽ പേരെ പ്രവാസത്തിനയയ്ക്കുകയും ഏറ്റവും കൂടുതൽ പ്രവാസിപ്പണം നേടുകയും ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. എന്നാൽ സ്വരാജ്യത്തും വിദേശത്തും ഇന്ത്യൻ പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മുടെ രാജ്യം വളരെ പുറകിലാണ്. തൊഴിൽശക്തി കയറ്റുമതി ചെയ്യുന്ന മറ്റു പ്രധാന രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ പോലും ഇത് വ്യക്തമാവും. വിദേശ നാണയ വരവിന്റെ മുഴുവൻ പ്രയോജനവും സ്വന്തമാക്കുന്ന കേന്ദ്ര സർക്കാർ പ്രവാസികളുടെ ക്ഷേമത്തിന്റെയും പുനരധിവാസത്തിന്റെയും ഉത്തരവാദിത്വം പൂർണമായും സംസ്ഥാനങ്ങൾക്കുമേൽ കെട്ടിവച്ച് മാറി നിൽക്കുന്ന അവസ്ഥയാണ് ഉള്ളത്. സ്വന്തം രാജ്യക്കാർ എവിടേക്കെല്ലാമാണ് കുടിയേറിയിട്ടുള്ളത് എന്ന കണക്കുപോലും എടുക്കാൻ ശ്രമിക്കാത്തത് ഈ സമീപനത്തിന്റെ തുടർച്ചയാണ്.

## പുറപ്പെടുന്നതിനു മുൻപുള്ള ഘട്ടം

കുടിയേറ്റം സുഗമമാക്കാൻ ശ്രമിക്കുന്ന ഏജൻസികൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട ഘട്ടമാണ് കുടിയേറ്റത്തിനു മുന്നേയുള്ള സമയം. കുടിയേറാനുള്ള തീരുമാനം എടുക്കുന്നതിനു മുൻപുള്ള സമയം (pre-decision making period) മുതൽ പ്രവാസം ആഗ്രഹിക്കുന്നവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ശരിയായ ലക്ഷ്യസ്ഥാനവും തൊഴിലും തിരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതുണ്ട്. നിലവിൽ കേന്ദ്ര സർക്കാരിനോ മറ്റു സർക്കാർ ഇതര സ്ഥാപനങ്ങൾക്കോ കുടിയേറാൻ ആഗ്രഹിക്കുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ നിലവിലില്ല. കൺസൽട്ടേഷൻ സ്ഥാപനങ്ങൾ എന്ന പേരിൽ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും വഞ്ചിക്കുന്ന കുറെയധികം സ്ഥാപനങ്ങൾ രാജ്യത്ത് പ്രവർത്തിക്കു ന്നുണ്ടുതാനും. തെറ്റായ ഉപദേശങ്ങൾ നൽകിയും നിയമവിധേയമല്ലാത്ത സ്ഥാപനങ്ങൾ വഴി കുടിയേറാൻ നിർബന്ധിച്ചും പ്രവാസികളെ കുഴപ്പത്തിലാക്കുന്ന ഇത്തരക്കാരുടെ സാന്നിദ്ധ്യം കേരളത്തിലുമുണ്ട്.

കുടിയേറും മുൻപുള്ള ഏറ്റവും പ്രധാന വെല്ലുവിളി ശരിയായ വിവരങ്ങളുടെ അഭാവമാണ്. കുടിയേറ്റത്തിനു ആവശ്യമുള്ള രേഖകൾ, ആതിഥേയ രാജ്യത്തെ സാമൂഹിക-സാമ്പത്തിക സ്ഥിതി, നിയമവ്യവസ്ഥ, അടിസ്ഥാന ഭാഷ പരിജ്ഞാനം, തൊഴിൽ ദാതാവിന്റെ വിവരങ്ങൾ, ശമ്പളം, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ, നാട്ടിലേക്ക് പണം അയക്കാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി വിമാന യാത്രയും വിമാന താവളത്തിലെ രീതികളും വരെയുള്ള വിവരങ്ങൾ ഒട്ടുമിക്ക പ്രവാസികൾക്കും അന്യമാണ്. ഇത്തരം വിവരങ്ങളുടെ അഭാവം പ്രവാസികളെ നിരവധി പ്രശ്നങ്ങളിലേക്ക് തള്ളിവിടുന്നുണ്ട്. നിലവിലെ സർക്കാർ – സർക്കാരിതര സംവിധാനങ്ങൾ ഇത്തരം വിവരങ്ങളുടെ അഭാവം നികത്തുന്നതിനു പ്രാപ്തമല്ല. പ്രീ ഡിപ്പാർച്ചർ ട്രെയിനിംഗ് നൽകുന്നതിനു ഒരു സ്ഥിരം സംവിധാനത്തിനു രൂപം കൊടുക്കുകയും അതിന്റെ പ്രയോജനം ജനങ്ങളിലേക്ക് എത്തിക്കുകയും വേണം.

കുടിയേറ്റത്തിനു മുൻപുള്ള മറ്റൊരു പ്രധാന വെല്ലുവിളി നൈപുണ്യ വികസനത്തിലൂടെ (Skill Development) കുടിയേറ്റത്തിനു പ്രാപ്തമാക്കുക എന്നതാണ്. കഴിഞ്ഞ ലോക കേരള സഭയുടെ തീരുമാന ഫലമായും സർക്കാരിന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായും സംസ്ഥാനത്ത് നൈപുണ്യ വികസന കോഴ്‌സുകൾ ആരംഭിച്ചിട്ടുണ്ട്. പക്ഷെ, വിദേശ രാജ്യങ്ങളിലെ തൊഴിലുകൾക്ക് ആവശ്യമായ നൈപുണ്യ വികസനത്തിൽ ഇന്നും നമ്മൾ പിന്നോട്ടാണ്. നൈപുണ്യ ചേർച്ച (Skill matching) നടത്തി പ്രധാന ലക്ഷ്യസ്ഥാനങ്ങളായ രാജ്യങ്ങളുടെ ആവശ്യം മനസിലാക്കിയുള്ള പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയണം. സംസ്ഥാന സർക്കാർ തൊഴിൽദാതാക്കളുടെ സമ്മേളനം വിളിച്ച് ചേർത്തത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

കുടിയേറ്റത്തിനു മുൻപേ പുതിയ തൊഴിലിടങ്ങളും തൊഴിൽ സാധ്യതകളും ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കാൻ കഴിയുക എന്നത് പ്രധാനമാണ്. ഉദാഹരണത്തിന് ആഫ്രിക്കയിലേക്കുള്ള കുടിയേറ്റം കിഴക്കൻ യൂറോപ്പിലേക്കുള്ള കുടിയേറ്റം എന്നിവ തുറന്നിടുന്നത് വലിയ സാധ്യതകളെക്കുറിച്ച് അറിവ് നൽകാൻ കഴിയണം. രണ്ടാം ലോക കേരള സഭയോട് അനുബന്ധിച്ച് തൊഴിൽ മേളയും എംപ്ലോയിസ് കോൺഫറൻസും സംഘടിപ്പിക്കുന്നത് മേൽപറഞ്ഞ പരിഗണനകൾ കണക്കിലെടുത്തു കൊണ്ടാണ്.

## കുടിയേറ്റ സമയത്തെ വെല്ലുവിളികൾ

കുടിയേറ്റ സമയത്ത് സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വളരെ ചുരുക്കമാണ്. അനധികൃത റിക്രൂട്ട്മെന്റ് ഏജന്റുമാരുടെ പ്രവർത്തനമാണ് പലപ്പോഴും കുടിയേറ്റത്തെ ദുരിതപൂർണ്ണമാക്കുന്നത്. സംസ്ഥാന പോലീസിന്റെയും നോർക്കയുടെയും ഇടപെടൽ ഉണ്ടാകുന്നുണ്ടെങ്കിലും അനധികൃത ഇടനിലക്കാരെ കണ്ടെത്തുന്ന തിനും മറ്റും കൂടുതൽ ജാഗ്രത്തായ സംവിധാനം ആവശ്യമാണ്. മറ്റൊന്ന് പ്രവാസത്തിനു ആവശ്യമായ രേഖകളുടെ പരിശോധനയാണ്. നോർക്കയുടെ അറ്റെസ്റ്റേഷൻ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ അടുത്ത കാലത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതിനേക്കുറിച്ചു നേരത്തെ സൂചിപ്പിച്ചു.

എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമായവർക്ക് ഇത്തരം സേവനങ്ങൾ ഒരു പരിധിവരെ ഇമൈഗ്രേറ്റ് സംവിധാനം ഉറപ്പുവരുത്തുന്നു. എന്നാൽ കേരളത്തിലെ പ്രവാസികളിൽ ബഹുഭൂരിപക്ഷവും ക്ലിയറൻസ് ആവശ്യമില്ലാത്തവരാണ്. അവരുടെ ജോബ് ഓഫർ ലെറ്റർ പരിശോധിക്കുന്നതിനോ തൊഴിൽദാതാവിന്റെ വിവരങ്ങൾ അന്വേഷിക്കുന്നതിനോ ന ിലവിൽ യാതൊരു സംവിധാനങ്ങളും കേന്ദ്രസർക്കാർ ഒരുക്കുന്നില്ല. ആയതിനാൽ സംസ്ഥാന സർക്കാർ പ്രസ്തുത വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. മറ്റൊന്ന് വിസിറ്റിംഗ് വിസ ഉപയോഗിച്ചുള്ള കുടിയേറ്റമാണ്. വിസിറ്റിംഗ് വിസ ഉപയോഗിച്ച് യാത്ര ചെയ്യുന്നവരിൽ അവബോധം ഉണ്ടാക്കുവാൻ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം.

കുടിയേറ്റത്തിന്റെ ഭാഗമായ ആദ്യത്തെ യാത്ര മുതൽ പ്രവാസികൾ പ്രവാസത്തിന്റെ അവസാന ഘട്ടം വരെയും തുടർച്ചയായി നേരിടുന്ന യാത്രാച്ചെലവിന്റെ പ്രശ്നം ഇനിയും പരിഹാരമില്ലാതെ തുടരുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാർ തുടർച്ചയായി ഇടപെടുന്നുണ്ടെങ്കിലും ശരിയായ പരിഹാരം ഇനിയും അകലെയാണ്. ഇന്ത്യയ്ക്കു ഏറ്റവും കൂടുതൽ വിദേശനാണയം നേടിത്തരുന്ന പ്രവാസികളെ വിമാനക്കമ്പനികൾ ചൂഷണം ചെയ്യുന്നത് രാജ്യത്തിനു അപമാനകരമാണ് എന്നത് കേന്ദ്രസർക്കാരും തിരിച്ചറിയണം. കേരളം സ്വന്തമായി വിമാനസർവ്വീസുകൾ ആരംഭിക്കണം എന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും കാര്യക്ഷമവും തുടർച്ചാ സാധ്യതകളുമുള്ളതുമായ പരിഹാര നിർദ്ദേശങ്ങളിലേക്കു എത്താൻ ഇനിയും സാധ്യമായിട്ടില്ല.

കുടിയേറ്റത്തിന്റെ ആദ്യഘട്ടത്തിലെ ചെലവ് കൂടുന്ന പ്രതിഭാസം പല പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം വിസ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആതിഥേയ രാജ്യങ്ങൾ ഈടാക്കുന്നതും നിരന്തരം ഉയർത്തുന്നതുമായ ഫീസുകളാണ്. ഈ അന്യായ നികുതിയെ സംബന്ധിച്ചു ബഹുരാഷ്ട്ര ഏജൻസികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമ്മർദ്ദം ഉയർത്തണം. ലോകത്ത് ഏറ്റവും ദുർബലരായ തൊഴിലാളികളെ ഈ രീതിയിൽ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം.

## ആതിഥേയ രാജ്യത്തെ വെല്ലുവിളികൾ

ദേശീയ ഗവൺമെന്റുകൾക്കാണ് പ്രവാസികളുടെ കാര്യത്തിൽ കൂടുതൽ ഇടപെടാനാവുക. അങ്ങനെ ഇടപെടാൻ നമ്മുടെ എംബസികളെ നിയമപരമായി ബാധ്യസ്ഥമാക്കുന്നതരത്തിൽ നമ്മുടെ പ്രവാസിനയത്തിലും നിയമത്തിലും വ്യവസ്ഥകൾ എഴുതിച്ചേർക്കണം. പ്രവാസി ആ രാജ്യത്ത് കാലുകുത്തിയാൽ പിന്നെ പ്രസ്തുത രാജ്യത്തെ നിയമത്തിനു

അനുസൃതമായി ജീവിക്കാൻ നിർബന്ധിതമാണ്. കേരളീയർ കൂടുതലായി കുടിയേറുന്ന ഗൾഫ് രാജ്യങ്ങൾ ഒന്നും തന്നെ തൊഴിലിടങ്ങളിലെ അവകാശ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര കരാറുകളിൽ ഒപ്പുവച്ചിട്ടില്ല. കൂടാതെ തൊഴിൽദാതാവിന് നിരവധി വിവേചനാധികാരങ്ങൾ നൽകുന്ന കഫാല നിയമം തൊഴിലാളികൾക്ക് വെല്ലുവിളിയാണ്. വേതനം തടഞ്ഞു വയ്ക്കൽ, സ്ത്രീ തൊഴിലാളികൾക്ക് ഉൾപ്പെടെ മാനസികവും ശാരീരികവുമായ പീഡനങ്ങൾ, അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, താമസം തുടങ്ങിയവയുടെ നിഷേധം എന്നീ പ്രശ്നങ്ങൾ സർവ്വ സാധാരണമാണ്. ജയിലിൽ അടയ്ക്കപ്പെട്ടവർ വേതനം സംബന്ധിച്ച കേസുകൾ നടത്തുവാൻ കഴിയാത്തവർ, ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നവർ തുടങ്ങി നിരവധിപേരാണ് സഹായം തേടുന്നത്. ഇന്ത്യൻ എംബസ്സികളുടെ താളം തെറ്റിയ പ്രവർത്തനവും ആവശ്യത്തിനു ഉദ്യോഗസ്ഥർ ഇല്ലാത്തതും സാമ്പത്തിക സഹായം നൽകുവാൻ കഴിയാത്തതും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

## തിരിച്ചു വരുന്ന പ്രവാസികൾ

ഇന്ത്യയിലെ പ്രവാസി നിയമത്തിന്റെയും നയത്തിന്റെയും പോരായ്മ ഏറ്റവും കൂടുതൽ പ്രകടമാവുന്നത് പ്രവാസികളുടെ പുനരധിവാസത്തിന്റെ കാര്യത്തിലാണ്. രാജ്യത്തിനുവേണ്ടി ഏറ്റവും കൂടുതൽ വിദേശനാണയം സമ്പാദിക്കുന്നവരെ തിരിച്ചുവന്നാലും പ്രായമായാലും സംരക്ഷിയ്ക്കാനുള്ള ബാധ്യതയെ സംബന്ധിച്ച് ഒരു വാക്കുപോലും പറയാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല.

ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ ഉയർന്നു കേട്ട ചില കാര്യങ്ങൾ, തിരികെയെത്തിയ പ്രവാസികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചതാണ്. ജോലി നഷ്ടപ്പെട്ടോ, പ്രവാസം അവസാനിപ്പിച്ചോ തിരികെയെത്തുന്ന പ്രവാസികൾക്ക് ഇന്ത്യയിൽ ഏറ്റവും മികച്ച സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനമാണ് കേരളം. നോർക്കയുടെയും പ്രവാസി ക്ഷേമനിധി ബോർഡിന്റെയും നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചു നേരത്തെ സൂചിപ്പിച്ചു. എന്നാൽ ഈ പദ്ധതികൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. തിരികെയെത്തിയ പ്രവാസികളുടെ നൈപുണ്യവും അനുഭവസമ്പത്തും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ശേഖരിക്കാനും അവരുടെ പ്രത്യേകതകൾക്കും സാധ്യതകൾക്കും അനുസരിച്ചുള്ള പദ്ധതികൾ നിർദ്ദേശിക്കാനും കഴിയണം. പുനരധിവാസത്തിനു ഇത് പ്രധാനമാണ്. സാമൂഹ്യസുരക്ഷാ പദ്ധതികൾക്കു വേണ്ടത് കേന്ദ്രത്തിന്റെയും ആതിഥേയ രാജ്യങ്ങളുടെയും പ്രമുഖ തൊഴിൽദാതാക്കളുടെയും കയ്യയച്ചുള്ള സഹായമാണ്. പ്രവാസി ക്ഷേമ ബോർഡിനെ സംബന്ധിച്ചിടത്തോളം ഇത്തരം സഹായം അങ്ങേയറ്റം അനിവാര്യമാണ്.

സർക്കാർ പുനരധിവാസ പദ്ധതികളിൽ ഏറ്റവും എടുത്തു പറയേണ്ടത് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്റ്റ് ഫോർ റിട്ടേൺ മൈഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയാണ്. സമീപകാലത്ത് ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ പുരോഗതിയെ സംബന്ധിച്ചു നേരത്തെ സൂചിപ്പിച്ചിരുന്നു. ഇതിനുപുറമെ പ്രവാസി ക്ഷേമനിധി ബോർഡ് സജീവമായി പുനരധിവാസ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് വായ്പകൾ നൽകുകയും സമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ക്ഷേമനിധി ബോർഡ് പ്രധാനമായും ചെയ്യുന്നത്. പ്രവാസി പുനരധിവാസത്തിന്റെ മേഖലയിൽ ഇപ്പോഴുള്ള ഇടപെടലുകളിൽ സർക്കാരിനു പൂർണ തൃപ്തിയില്ല. കൂടുതൽ വിഭവങ്ങളും ആശയങ്ങളും സമാഹരിച്ചുകൊണ്ടു വിപുലമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. പ്രവാസം കഴിഞ്ഞ് തിരിച്ചുവരുന്നവരുടെ എണ്ണം വർദ്ധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിപുലമായ ഇടപെടൽ ആവശ്യമാണ്. അതിനായി ഏറ്റവും പ്രധാനമായി ചെയ്യേണ്ടത് തിരിച്ചുവരുന്നവരെ കൃത്യമായി പഠിച്ചു ഓരോ വിഭാഗത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചു പദ്ധതികൾ തയ്യാറാക്കുക എന്നതാണ്. സംരംഭകത്വം ലക്ഷ്യമാക്കുന്നവരെയും തങ്ങളുടെ നൈപുണ്യവും അനുഭവസമ്പത്തും അടിസ്ഥാനപ്പെടുത്തി തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവരെയും ശാരീരികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്നവരെയും വേർതിരിച്ചു കണ്ടു പദ്ധതികൾ തയ്യാറാക്കണം.

## പ്രവാസ/കുടിയേറ്റ നയം

ഇതുവരെ പറഞ്ഞ കാര്യങ്ങളിൽ നിന്നും ഒരു കാര്യം വളരെ വ്യക്തമാണ്, ലോക കേരള സഭയുടെ സമീപഭാവിയിലെ പ്രധാനപ്പെട്ട ഒരു ദൗത്യം ഇന്ത്യയിൽ വ്യക്തമായ ഒരു ദേശീയ കുടിയേറ്റനയം / നിയമം പ്രഖ്യാപിപ്പിക്കുകയും നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തുകയുമായിരിക്കണം. കുടിയേറ്റവുമായി ബന്ധപ്പെട്ട് ഭരണകൂടം പരമപ്രധാനമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതി ഉണ്ടാവാൻ അതെ മാർഗ്ഗമുള്ളു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യ കാല സർക്കാരുകൾ പ്രവാസികളോട് സ്വീകരിച്ചിരുന്ന സമീപനം ആതിഥേയ രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഒരു തരത്തിലും ഇടപെടില്ല എന്നതായിരുന്നു. അതെ കാലഘട്ടത്തിൽ തന്നെയാണ് ബ്രെയിൻ ഡ്രെയിൻ (Brain Drain) പോലെയുള്ള സ്ഥിര കുടിയേറ്റത്തെ തള്ളിപ്പറയുന്ന ചർച്ചകളും ഇന്ത്യയിൽ ഉണ്ടായത്. വിദേശത്തെക്കുള്ള കുടിയേറ്റം നിമിത്തം ബുദ്ധിയും സർഗ്ഗശക്തിയുമുള്ളവരെ രാജ്യത്തിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ് എന്ന പൊതുവികാരമായിരുന്നു അന്നുണ്ടായിരുന്നത്. ഇത്തരം ചർച്ചകൾക്ക് ശക്തി കുറയാൻ കാരണം എഴുപതുകളിൽ ഗൾഫ് നാടുകളിലേക്ക് ഉണ്ടായ കുടിയേറ്റം തന്നെയാണ്. പൊതുജനങ്ങളും സംസ്ഥാന -ദേശീയ സർക്കാരുകളും രാജ്യാതിർത്തി താണ്ടിയുള്ള കുടിയേറ്റത്തിന്റെ സാധ്യതകൾ അറിഞ്ഞു തുടങ്ങി. അക്കാലത്ത് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ഏക കുടിയേറ്റ സംബന്ധിയായ നിയമം 1922ലെ എമിഗ്രേഷൻ ആക്റ്റ് ആയിരുന്നു. ബ്രിട്ടിഷുകാർ തയ്യാറാക്കിയ ആ നിയമമാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പൗരന്മാരുടെ രാജ്യാന്തര ചലനങ്ങളെ നിയന്ത്രിച്ചിരുന്നത്.

അനധികൃത കുടിയേറ്റം മൂലമുണ്ടായ അപകടങ്ങൾ, കുടിയേറിയ രാജ്യത്തെ മോശം തൊഴിൽ സാഹചര്യങ്ങൾ തുടങ്ങി നിരവധി കാരണങ്ങൾ സർക്കാരിനെ ഒരു നയം മാറ്റത്തിന് പ്രേരിപ്പിച്ചു. അങ്ങനെയാണ് നിലവിലുള്ള 1983 ലെ എമിഗ്രേഷൻ ആക്റ്റ് അഥവാ കുടിയേറ്റ നിയമം നിലവിൽ വന്നത്. നാളിതുവരെയും ഈ നിയമത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയിൽ നിന്നുള്ള തൊഴിൽ കുടിയേറ്റത്തെ നിയന്ത്രിക്കുന്നത്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട ഒരു സംഭാവന തൊഴിലാളികൾക്ക് കുടിയേറ്റ പരിശോധന (Emigration Clearance) നിർബന്ധമാക്കി എന്നതാണ്. കൂടാതെ റിക്രൂട്ട്മെന്റ് ഏജൻസികളെ ചില നിയന്ത്രണങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ തൊഴിൽ നിയമ ലംഘനം നടക്കുന്നതും തൊഴിൽ നിയമങ്ങൾ ദുർബലമായതുമായ രാജ്യങ്ങളെ കുടിയേറ്റ പരിശോധന ആവശ്യമുള്ള രാജ്യങ്ങളായി (Emigration Clearance Required Countries - ഈസിആർ രാജ്യങ്ങൾ) പട്ടികപ്പെടുത്തിയതും ഈ നിയമം വഴിയാണ്.

ഈ നിയമത്തിന്റെ പരിമിതികളിൽ ഏറ്റവും പ്രധാനം കുടിയേറ്റ പരിശോധനയുടെ മറവു പറ്റി അവതരിപ്പിച്ച രണ്ടു തരം പാസ്പോർട്ടുകളാണ്. അതാകട്ടെ പൗരന്റെ പ്രാഥമിക വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി സൃഷ്ടിച്ച വേർതിരിവാണ്. പത്താം ക്ലാസ് വിദ്യാഭ്യാസമില്ലാത്തവർക്ക് കുടിയേറ്റ പരിശോധന ആവശ്യമുള്ള പാസ്പോർട്ടും അല്ലാത്തവർക്ക് പരിശോധന ആവശ്യമില്ലാത്ത പാസ്പോർട്ടും എന്നിങ്ങനെ രണ്ടുതരം പാസ്പോർട്ടുകൾ രാജ്യത്ത് നിലവിൽ വന്നു. ഇത് പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് പകരം കുടിയേറ്റത്തെ നിർബന്ധമായി നിയന്ത്രിക്കുകയാണ് ഉണ്ടായത്. മാത്രമല്ല, തൊഴിലാളികളുടെ സ്ഥിതി ആതിഥേയ രാജ്യത്ത് പരിതാപകരമായി തുടരുകയും ചെയ്തു. അനധികൃത കുടിയേറ്റം വർഷംതോറും കൂടുകയും തൊഴിലാളികൾ മറ്റു രാജ്യങ്ങളിൽ നിരവധിയായ ചൂഷണങ്ങൾക്ക് വിധേയരാകുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇതേസമയം, ഫിലിപ്പിൻസ് പോലെയുള്ള രാജ്യങ്ങൾ കൃത്യമായ നയരൂപീകരണം നടത്തുകയും കുടിയേറ്റം സുഗമമാക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കി ആതിഥേയ രാജ്യത്ത് തങ്ങളുടെ പൗരന്മാരുടെ ജീവിതം മെച്ചപ്പെട്ടതാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന സ്ഥിതി വന്നു .

കുടിയേറ്റത്തോടുള്ള കാഴ്ചപ്പാടിൽ പ്രകടമായ മാറ്റം വന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. ഹൈ-ലെവൽ കമ്മിറ്റി ഓൺ ഇന്ത്യൻ ഡയസ്പോറ (High-Level Committee on Indian Diaspora) എന്ന കമ്മിറ്റി രൂപീകരിച്ചുകൊണ്ട് അന്നത്തെ സർക്കാർ പ്രവാസികളോടുള്ള സമീപനത്തിൽ ഒരു പൊളിച്ചെഴുത്തിനു തയ്യാറായി. അതിൽ ഇന്ത്യൻ വംശജർക്കും (People of Indian Origin) വലിയ പ്രാധാന്യം ലഭിച്ചു. അവരിൽ നിന്നുള്ള നിക്ഷേപം ലക്ഷ്യം വച്ചും മറ്റു രാജ്യങ്ങളിലെ നയതന്ത്ര രംഗത്തെ ബന്ധങ്ങൾ പരിഗണിച്ചും ഇന്ത്യൻ വംശജർക്ക് നിരവധി ആനുകൂല്യങ്ങൾ സർക്കാർ നൽകുവാൻ ആരംഭിച്ചു. പക്ഷെ, തൊഴിലാളികളായ സാധാരാണ പ്രവാസികൾക്കു പ്രത്യേക പരിഗണനകൾ ഒന്നും ലഭ്യമായില്ല.

ഈ പൊളിച്ചെഴുത്ത് എത്തിച്ചേർന്നത് പ്രവാസികൾക്കായുള്ള ഒരു പ്രത്യേക വകുപ്പിന്റെ രൂപീകരണത്തിലാണ്. പ്രവാസികാര്യ വകുപ്പ് അഥവാ മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് (Ministry of Overseas Indian Affairs - MOIA) എന്ന വകുപ്പ് രൂപീകരിച്ചുകൊണ്ട് പ്രവാസവുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളും ഒരു കുടക്കീഴിൽ കൊണ്ടു വന്നു. എന്നാൽ പ്രസ്തുത വകുപ്പ് പ്രവാസികളുടെ പ്രതീക്ഷയ്ക്ക് ഒത്തു ഉയർന്നില്ല. പ്രവാസികളുടെ ക്ഷേമം മെച്ചപ്പെടുത്താൻ പുതുതായി ആരംഭിച്ച പദ്ധതികൾക്ക് കഴിഞ്ഞില്ല. കുടിയേറ്റത്തെ സംബന്ധിച്ച് നടപ്പാക്കുമെന്നു വാഗ്ദാനം ചെയ്ത നയ രൂപീകരണം ഇന്നും ശൈശവ ദിശയിലാണ്. വകുപ്പിന്റെ പ്രവർത്തനത്തിലുള്ള അതൃപ്തിയും വിദേശകാര്യ വകുപ്പുമായുള്ള ഏകോപനമില്ലായ്മയും 2016ൽ വകുപ്പിന്റെ ലയനത്തിന് കാരണമായി. ഇത്തരത്തിൽ വളരെ അനിശ്ചിതത്വം നിറഞ്ഞതും നിസ്സംഗവുമായ ഒരു സമീപനമാണ് കേന്ദ്ര സർക്കാരിനു പ്രവാസികളോടുള്ളത്.

ഏറ്റവുമൊടുവിൽ വളരെ പ്രതീക്ഷയോടെ തൊഴിലാളികൾക്ക് ആതിഥേയ രാജ്യങ്ങളിൽ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോട് കൂടി നടപ്പാക്കിയ ഇ-മൈഗ്രറ്റ് പദ്ധതിയുടെ കഥയും വളരെ വ്യത്യസ്ഥമല്ല. കുടിയേറ്റവുമായി

ബന്ധപ്പെട്ട എല്ലാ കക്ഷികളെയും (റിക്രൂട്ട്മെന്റ് ഏജന്റ്സ്, തൊഴിലാളികൾ, സർക്കാർ തുടങ്ങി) ഒരു ഇലക്ട്രോണിക് സംവിധാനത്തിന്റെ കുടക്കീഴിൽ കൊണ്ടുവന്ന് അനധികൃത കുടിയേറ്റത്തിനു തടയിടുക എന്നതായിരുന്നു ലക്ഷ്യം. ആതിഥേയ രാജ്യത്തെ തൊഴിൽ ദാതാവുമായി നേരിട്ട് തൊഴിൽ കരാർ ഒപ്പ് വയ്ക്കുക, സ്ത്രീ തൊഴിലാളികളുടെയും മറ്റു അവിദഗ്ദ്ധ തൊഴിലാളികളുടെയും സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ സ്വാഗതാർഹമായ നിർദ്ദേശങ്ങളാണ് ഇ-മൈഗ്രേറ്റ് പദ്ധതിയിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ പദ്ധതി വേണ്ടത്ര ഫലം കണ്ടില്ലെന്നു മാത്രമല്ല, ഇന്ത്യയിൽ നിന്നുള്ള തൊഴിൽ കുടിയേറ്റം പകുതിയായി കുറയുകയും ചെയ്തു. പ്രധാന ലക്ഷ്യസ്ഥാനങ്ങളായ ഗൾഫ് രാജ്യങ്ങൾ മറ്റു ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്ന് തൊഴിലാളികളെ കണ്ടെത്തുകയും ചെയ്തു. ഫലത്തിൽ പദ്ധതി ശക്തമായ ഒരു കുടിയേറ്റ നിയന്ത്രണ സംവിധാനമായി പരിണമിച്ചു.

കേന്ദ്ര സർക്കാർ പുതിയ എമിഗ്രേഷൻ ബില്ലിന്റെ (emigration draft bill 2019) കരട് തയ്യാറാക്കിയിട്ടുണ്ട്. പക്ഷെ സർക്കാരിന്റെ തൊഴിലാളികളോടുള്ള സമീപനം പുതിയ ബില്ലിലും വ്യക്തമാക്കുന്നില്ല. കൂടാതെ ഇടനിലക്കാരെ നിയന്ത്രിക്കുന്നതും ഇ.സി.ആർ., ഇ.സി.എൻ.ആർ. വിവേചനം ഒഴിവാക്കുന്നതുമൊക്കെ സംബന്ധിച്ച് പുതിയ ബില്ലും മൗനം പാലിക്കുകയാണ്. ഇനിയും സഭകളിൽ ചർച്ചയ്ക്കു വച്ചിട്ടില്ലാത്ത കരടുരേഖയിലെ പാളിച്ചകൾ കേന്ദ്ര സർക്കാരിന്റെ മുന്നിൽ കൊണ്ട് വരിക എന്നത് ഏറ്റവും പ്രധാനമാണ്. പ്രവാസി ഭാരതീയ ദിവസ് വിപുലീകരിച്ചെങ്കിലും പുതിയ പ്രവാസി നിക്ഷേപക പദ്ധതികളൊന്നും കേന്ദ്ര സർക്കാർ അടുത്തിടെ പ്രഖ്യാപിച്ചിട്ടില്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്.

കേരള സർക്കാർ ആരംഭിച്ച നോർക്ക വകുപ്പും നോഡൽ ഏജൻസിയായ നോർക്ക റൂട്ട്സും പ്രവാസി ക്ഷേമ ബോർഡും ഏറ്റവും ഒടുവിലായി ലോക കേരള സഭയും നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും മറ്റു സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും മാതൃകയാണ്. നമ്മുടെ നയത്തിന്റെ ചുവടുപിടിച്ച് ആന്ധ്രാപ്രദേശ് ചില കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തിട്ടുണ്ട്. ഇത് നമ്മുടെ വികസന നയങ്ങൾക്കുള്ള അംഗീകാരം കൂടിയാണ്.

## സ്ഥിര കുടിയേറ്റവും ഡയസ്പോറയും - വെല്ലുവിളികളും സാധ്യതകളും

ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചു മറ്റു നാടുകളിലേക്ക്, പ്രത്യേകിച്ച് വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്ന മലയാളികളുടെ പ്രശ്നങ്ങൾ ഇതുവരെ ചർച്ച ചെയ്ത പ്രശ്നങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. നാടുമായുള്ള ഏകീകരണ സാധ്യതകളും നിക്ഷേപക സാധ്യതകളുമാണ് അവർ കൂടുതലായും ചർച്ച ചെയ്യുന്നത്.

മലയാളിയെ യോജിപ്പിച്ചുനിർത്തുന്ന അവരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും മുന്നോട്ടുകൊണ്ടു പോകുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്കാരവുമായുള്ള തുടർച്ചയായ ബന്ധം സ്ഥാപിക്കാനുതകുന്ന ഇടപെടൽ ഉണ്ടാക്കാനും ശ്രദ്ധിക്കാനാവണം.

പ്രവാസികൾക്ക് കേരളത്തിൽ നിക്ഷേപം നടത്തുവാനുള്ള സാധ്യതകൾ വർദ്ധിക്കണം. നിക്ഷേപം എന്നാൽ സാമ്പത്തിക നിക്ഷേപത്തിൽ മാത്രം ഒതുങ്ങുന്നില്ല. ശാസ്ത്ര-സാങ്കേതിക-ഭരണ-വിദ്യാഭ്യാസ രംഗങ്ങളിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ചവരുടെ കഴിവും അനുഭവ സമ്പത്തും കേരളത്തിൽ നിക്ഷേപിക്കാൻ വഴികൾ തുറക്കേണ്ടതുണ്ട്. പ്രവാസി സഹോദരങ്ങൾക്ക് നാടിന്റെ വികസനത്തിൽ പങ്കാളികളാകാൻ ഉപയോഗിക്കാൻ ഉതകുന്ന നൂതനമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നിലവിൽ ലോക കേരള സഭയിൽ ഇന്ത്യൻ പൗരത്വം നിലനിർത്തുന്നവർക്കു മാത്രമേ പ്രാതിനിധ്യം അനുവദിച്ചിട്ടുള്ളു. ഇതരരാജ്യങ്ങളിലെ പൗരത്വം സ്വീകരിച്ച കേരളീയരെ കേരളവുമായി ബന്ധപ്പെടുത്തി മുന്നോട്ടു പോകുന്നതിനുള്ള ആലോചനകൾ അടിയന്തിരമായി നടക്കണം.

# ഭാഗം അഞ്ച്

# മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിലെ കേരളീയർ

സർവ്വേ പ്രകാരം 2014–2018 കാലഘട്ടത്തിൽ ഇതര സംസ്ഥാനങ്ങളിലുള്ള കേരളീയ പ്രവാസികളുടെ എണ്ണം ഏഴു ലക്ഷത്തിൽ നിന്നു 5.24 ലക്ഷമായി കുറയുകയുണ്ടായി. ഇവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് കഴിഞ്ഞ പത്തു വർഷമായി സർവ്വേയിൽ ദൃശ്യമാണ്. കണക്കുകൾക്കു കൃത്യത കുറവുണ്ട് എന്നു സമ്മതിച്ചാൽ തന്നെ ഒരു കാര്യം വ്യക്തമാണ്. മറ്റു സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം കുറയുകയാണ്.

ഇന്ത്യക്ക് പുറത്തേക്കുള്ള പ്രവാസത്തിൽ നിന്ന് വിഭിന്നമായി ഇന്ത്യക്ക് അകത്തുള്ള പ്രവാസികളുടെ കണക്കെടുപ്പ് സർക്കാരിനു മുൻകൈയെടുത്തു നടപ്പാക്കാവുന്നതാണ്. മലയാളി സംഘടനകളുടെയും വിവിധ നഗരങ്ങളിൽ പ്രവർത്തിക്കുന്ന നോർക്ക ഓഫീസുകളുടെയും സഹായത്തോടെ മെച്ചപ്പെട്ട സ്ഥിതിവിവരം ശേഖരിക്കാൻ പരിശ്രമിയ്ക്കണം.

കേരള സർക്കാരിന് മറ്റു സംസ്ഥാനങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപടുന്നതിനു ഭരണഘടനാപരമായ പരിമിതികൾ ഉണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം, ക്രമസമാധാനം തുടങ്ങിയ കാര്യങ്ങൾ എല്ലാം തന്നെ അതാത് സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ പെടുന്ന കാര്യങ്ങളാണ്. നിയമപരമായ പരിധികൾക്കുള്ളിൽ നിന്നു കൊണ്ടുള്ള പ്രവർത്തനം മാത്രമെ നമുക്കു ഏറ്റെടുക്കാനാവു. അവശത അനുഭവിക്കുന്നവർ, സാമൂഹിക സുരക്ഷാ പദ്ധതികൾ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നവർ, ഡോമിസൈൽ സർട്ടിഫിക്കറ്റ് പോലെയുള്ള രേഖകൾ ലഭിക്കാൻ ബുദ്ധിമുട്ടുന്നവർ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ പണിയെടുക്കുന്ന കേരളീയർ അനുഭവിക്കുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ ഇടപെട്ട് നിയമപരമായ സഹായം ലഭ്യമാക്കാൻ അതാത് സംസ്ഥാനങ്ങളിലെ നോർക്കാ ഓഫീസുകൾക്ക് കഴിയേണ്ടതുണ്ട്. മറ്റൊന്ന് പ്രധാന കേന്ദ്രങ്ങളിൽ നോർക്കാ ഓഫീസ് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയാണ്. ഇന്ന് ഒട്ടുമിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും മലയാളികളുണ്ട്. അത് പരിഗണിച്ചു കഴിയുന്നത്ര സംസ്ഥാനങ്ങളിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ നോർക്കയ്ക്ക് കഴിയണം. കൂടാതെ മറ്റൊരു ദീർഘകാല ആവശ്യമാണ് കേരളവും മലയാളികൾ ജീവിക്കുന്ന സംസ്ഥാനങ്ങളും തമ്മിലുള്ള ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തത. ഇതര സംസ്ഥാന മലയാളികളിൽ ഭൂരിഭാഗവും ഇന്നും ട്രെയിനിനെ ആണ് ദീർഘദൂര യാത്രകൾക്ക് ആശ്രയിക്കുന്നത്. എന്നാൽ ആവശ്യത്തിനു ട്രെയിനുകൾ ഉത്സവ സമയത്തും മറ്റും ലഭ്യമാക്കാൻ കഴിയുന്നില്ല.

മറ്റൊന്ന് മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വിനിമയവും വളർച്ചയുമാണ്. മലയാളം മിഷൻ മലയാള ഭാഷ പ്രചരണവും മറ്റും പ്രധാന നഗരങ്ങളിൽ നൽകുന്നുണ്ടെങ്കിൽ തന്നെ ചെറു നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും ജീവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് മലയാള വിദ്യാഭ്യാസം ബുദ്ധിമുട്ടാകുന്നു. കൂടാതെ പ്രവാസികളായ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും അംഗീകരിക്കാനും അതുപോലെ അകം കേരളത്തിലെ കലാസാഹിത്യ പ്രവർത്തനങ്ങൾ പുറത്തേക്കു വ്യാപിപ്പിക്കുവാനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് മാതൃഭാഷ പഠനം സാധ്യമാക്കുന്നതിനും കേരള സംസ്കാരം പ്രചരിപ്പിക്കുന്നതിനുമായി മലയാളം മിഷൻ സജീവമായി പ്രവർത്തിക്കുന്നുണ്ട്. “എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം” എന്ന സന്ദേശമാണ് മലയാളം മിഷൻ മുന്നോട്ടുവയ്ക്കുന്നത്. ഈ കാലയളവിൽ മലയാളം മിഷൻ വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. ഇപ്പോൾ 16 സംസ്ഥാനങ്ങളിലും 33 രാജ്യങ്ങളിലുമായി 28000-ൽ അധികം പഠിതാക്കൾ മലയാളം മിഷനിൽ ഉണ്ട്.

## ഭാഗം ആറ്

# പ്രവാസവും നാടിന്റെ വികസനവും

പ്രവാസം തുറന്നുതരുന്ന വിവിധങ്ങളായ സാധ്യതകളെക്കുറിച്ചു കൂടി ലോക കേരള സഭയുടെ ഈ സമ്മേളനം ചർച്ച ചെയ്യേണ്ടതുണ്ട്. പ്രവാസത്തിനു സ്വദേശത്തിന്റെ വികസനത്തിനു നൽകാൻ കഴിയുന്ന സംഭാവനകളെക്കുറിച്ച് വിവിധ പ്രദേശങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പഠനങ്ങൾ ചില പ്രധാനപ്പെട്ട വസ്തുതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം പ്രവാസി സമൂഹത്തിനു സ്വദേശത്തിനും പുറം ലോകത്തിനും ഇടയിൽ ഒരു മാധ്യമമായി പ്രവർത്തിക്കാൻ കഴിയും എന്നതാണ്. പ്രവാസ സമൂഹമെന്ന മാധ്യമത്തിലൂടെ സ്വദേശത്തു നിന്ന് പുറം ലോകത്തേക്കും പുറം ലോകത്തുനിന്ന് സ്വദേശത്തേക്കും അറിവുകൾ, ആശയങ്ങൾ, നൈപുണ്യങ്ങൾ, സാങ്കേതികവിദ്യ, അഭിരുചികൾ, സാധനങ്ങൾ, സേവനങ്ങൾ, മൂലധനം, തുടങ്ങിയവയൊക്കെ ഒഴുകുന്നതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ കേരളത്തിന്റെ പ്രവാസി സമൂഹവും സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ സംഭാവന നൽകുന്നുണ്ട് എന്ന് കാണാം.

## പ്രവാസികളും മൂലധന നിക്ഷേപവും

കേരളത്തിലേയ്ക്ക് മൂലധനത്തെ ആകർഷിക്കുന്നതിനും പ്രവാസികൾ വലിയ പങ്കു വഹിക്കുന്നുണ്ട്. പ്രവാസികൾ അവരുടെ സമ്പാദ്യം നാട്ടിലേയ്ക്ക് അയയ്ക്കുന്നത് സംബന്ധിച്ചും പ്രവാസ പണം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന് നൽകുന്ന സംഭാവനയെക്കുറിച്ചും നേരത്തേ സൂചിപ്പിച്ചു. ഇതിൽ നിന്ന് വ്യത്യസ്തമാണ് പ്രവാസികൾ കേരളത്തിൽ നടത്തുന്ന മൂലധന നിക്ഷേപം. രണ്ടു തരത്തിലുള്ള മൂലധന നിക്ഷേപമാണ് പ്രധാനമായും ഉണ്ടാകുന്നത്. ഒന്നാമത്തേത് കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഓഹരികളിലും കടപത്രങ്ങളിലും മറ്റുമുള്ള നിക്ഷേപമാണ്. കേരളത്തിൽ ആസ്ഥാനമുള്ള പല കമ്പനികൾക്കും ഓഹരി കമ്പോളത്തിലൂടെയും കടപത്രങ്ങളിലൂടെയും പ്രവാസി മൂലധനം നല്ല നിലയിൽ സ്വരൂപിക്കാൻ കഴിയുന്നുണ്ട്. സ്ഥാപനത്തിന്റെ മാനേജ്മെന്റിൽ നേരിട്ട് പങ്കാളിത്തമില്ലാത്ത ഇത്തരം നിക്ഷേപം വലിയ അളവിൽ സംഭവിക്കുന്നുണ്ട്. അതിന് പുറമെയാണ് സ്ഥാപനത്തിന്റെ നടത്തിപ്പ് ഉത്തരവാദിത്തം കൂടി ഏറ്റെടുത്തുകൊണ്ട് നടത്തുന്ന മൂലധന നിക്ഷേപം. സമീപ കാലത്ത് കേരളത്തിൽ ആരംഭിച്ച ഒട്ടേറെ വലിയ സംരംഭങ്ങളിൽ ഇത്തരത്തിലുള്ള പ്രവാസി പങ്കാളിത്തം ദർശിക്കാൻ കഴിയും. വിമാനത്താവളങ്ങൾ, വിപണന കേന്ദ്രങ്ങൾ, കൺവെൻഷൻ സെന്ററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, ടൂറിസം തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ വലിയ തോതിൽ പ്രവാസി നിക്ഷേപം ഉണ്ടായിട്ടുണ്ട്. ഇടത്തരം ചെറുകിട സംരംഭങ്ങളുടെ കാര്യത്തിലാവട്ടെ കേരളത്തിലുടനീളം എണ്ണമറ്റ സ്ഥാപനങ്ങളാണ് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കിടയിൽ പ്രത്യേകിച്ചും സമീപകാലത്ത് നിലവിൽ വന്നത്. ഒന്നാം സമ്മേളനത്തിന്റെ രേഖയിൽ കേരളത്തിലെ മൂലധനം വളരുന്നത് ഒരു വലിയ അളവുവരെ കേരളത്തിനു പുറത്താണ് എന്നു നിരീക്ഷിച്ചിരുന്നു. നമ്മുടെ പ്രവാസി സമൂഹത്തിൽ വളരെ വേഗം വളർന്നു വരുന്ന സംരംഭകരെ കാണാം. പുറം നാടുകളിൽ സംരംഭകത്വം തെളിയിച്ച അവരിൽ പലരും ഇപ്പോൾ സ്വന്തം നാട്ടിലും നിക്ഷേപം നടത്താൻ താൽപ്പര്യപ്പെടുന്നുണ്ട്.

## പ്രവാസിസമൂഹവും പുതിയ നിപുണതകളും

പ്രവാസികൾ പുറം രാജ്യങ്ങളിലെ പ്രായോഗിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നാട്ടിലേക്ക് കൊണ്ടുവന്നിട്ടുള്ള അറിവിന്റെയും സാങ്കേതിക വിദ്യകളുടെയും വൈദഗ്ദ്യങ്ങളുടെയും നിപുണതകളുടേയും അളവും സംസ്ഥാനത്തിന്റെ വികസനത്തിനു അത് നൽകിയ സംഭാവനകളും എളുപ്പം കണക്കാക്കാൻ പറ്റുന്നതല്ല. ഇതിൽ പ്രായോഗിക വൈദഗ്ദ്യത്തിന്റെയും നിപുണതയുടേയും കാര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. പ്രവാസികൾ ജോലിയെടുക്കുന്ന രാജ്യങ്ങൾ ലോകത്തിന്റെ നാനാ ഭാഗത്തുനിന്നുമുള്ള വിവിധ മേഖലയിലെ വിദഗ്ദ്ധന്മാരുടെ സംഗമഭൂമി കൂടിയാണ്. ഈ ഇടപെടലിലൂടെ നേടിയ വൈദഗ്ദ്ധ്യത്തിന്റെ ഗുണങ്ങൾ കേരളത്തിന്റെ ഉത്പാദന മേഖലയിലും ശ്രദ്ധേയമായ സംഭാവന കൾ നൽകിയിട്ടുണ്ട്.

യഥാർത്ഥത്തിൽ കേരളത്തിലെ തൊഴിൽശക്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രവാസം വലിയ പങ്കുവഹിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ ട്രെയിനിംഗ് സ്ഥാപനങ്ങളിൽ നിന്നു കിട്ടുന്ന പരിശീലനത്തെ കൂടുതൽ

മെച്ചപ്പെടുത്തുന്നതിന് ഇത് സഹായിക്കുന്നുണ്ട്. പ്രവാസം കഴിഞ്ഞ് തിരിച്ചെത്തുന്ന തൊഴിലാളികൾ വിദേശത്തു നിന്ന് നേടിയെടുത്ത സവിശേഷമായ വൈദഗ്ദ്യങ്ങൾ കൈമുതലാക്കിക്കൊണ്ട് വൈവിദ്ധ്യമാർന്ന സംരംഭങ്ങൾ നാട്ടിൽ ആരംഭിക്കുന്നതിനെക്കുറിച്ചുകൂടിഇവിടെസൂചിപ്പിക്കേണ്ടതുണ്ട്.വളരെആരോഗ്യകരമായഈപ്രവണതയെആസൂത്രിതമായി പ്രോത്സാഹിപ്പിക്കുന്നതിന് നമുക്ക് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രത്യേകവൈദഗ്ദ്യം നേടിയിട്ടുള്ള പ്രവാസികളുടെ സേവനം ഉപയോഗപ്പെടുത്തി നമ്മുടെ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അതുപോലെ തന്നെ നാട്ടിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും അധിക പരിശീലനം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## പ്രവാസി സമൂഹവും സാങ്കേതിക വിജ്ഞാനവും

പ്രത്യേക വൈദഗ്ദ്ധ്യങ്ങളുടേയും നിപുണതകളുടെയും കാര്യത്തിൽ എന്നപോലെ കുറച്ചുകൂടെ ഉയർന്ന തലത്തിലുള്ള സാങ്കേതിക വിദ്യകളുടെയും അറിവുകളുടെയും വിജ്ഞാനത്തിന്റെയും കാര്യത്തിലും പ്രവാസികളുടെ സംഭാവന ഇപ്പോൾതന്നെ കേരളത്തിന്റെ വികസനത്തിന് മുതൽക്കൂട്ടാകുന്നുണ്ട്. പുറം ലോകത്തു നിന്നുള്ള സാങ്കേതിക വിദ്യകളെയും വിജ്ഞാനത്തെയും തുറന്ന മനസ്സോടുകൂടി സ്വീകരിക്കാനും ആസൂത്രിതമായ ഇടപെടലിലൂടെ വ്യാപിപ്പിക്കാനും ശ്രമിച്ചാൽ അത് നവകേരള സൃഷ്ടിക്കു ഏറെ സഹായകരമാകും.

വളരെ വലിയ ഭാവിവളർച്ചാ സാധ്യത കൽപ്പിക്കപ്പെടുന്ന വിവിധ നവവിജ്ഞാന മേഖലകളിലും നവ സാങ്കേതിക വിദ്യകളിലും വിദേശത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നവരും പല തട്ടുകളിൽ ജോലി ചെയ്യുന്നവരുമായ നമ്മുടെ നാട്ടുകാർ ധാരാളമുണ്ട്. ഇത്തരം സൂര്യോദയ (Sunrise) മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ചുവടുറപ്പിച്ചു മുന്നോട്ടു പോകുന്നതിനും കേരളം നടത്തുന്ന പരിശ്രമങ്ങളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട പ്രവാസികൾക്ക് വലിയ സംഭാവന നൽകാൻ കഴിയും. അവരെ കേരളത്തിലേക്ക് ആകർഷിക്കാനും ആവശ്യമായ പദ്ധതികളും കർമ്മ പരിപാടികളും തയ്യാറാക്കാനും നമുക്ക് കഴിയണം.

## പ്രവാസിസമൂഹവും ഭാവി പ്രവാസവും

പ്രവാസി സമൂഹമെന്ന മാധ്യമം സംസ്ഥാനത്തിന്റെ വികസനത്തിന് നൽകുന്ന മറ്റൊരു സംഭാവന പ്രവാസം കാംക്ഷിക്കുന്ന പുതിയ തലമുറയ്ക്കു നൽകുന്ന പ്രചോദനമാണ്. ഇക്കാര്യത്തിൽ പ്രവാസിസമൂഹം ഒരു പാലമായി പ്രവർത്തിക്കുന്നു എന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം തൊഴിലിന് അഥവാ പ്രവാസത്തിനുള്ള അവസരങ്ങളെ സംബന്ധിക്കുന്ന കൃത്യമായ വിവരം നാട്ടിൽ എത്തിക്കുന്നു എന്നതാണ്. എവിടെ ഏതു തരത്തിലുള്ള എത്രത്തോളം അവസരങ്ങൾ ലഭ്യമാണ് എന്നതും അതിന് ആവശ്യമായ യോഗ്യതകളും തയ്യാറെടുപ്പുകളും എന്തൊക്കെയാണെന്നതും ആ സാധ്യത ഉപയോഗപ്പെടുത്താൻ വേണ്ടിവരുന്ന ചെലവ് എത്രയാണെന്നതും എന്ത് പ്രതിഫലം ലഭിക്കും എന്നതും എന്തെല്ലാം അനിശ്ചിതത്വങ്ങൾ ഉണ്ടെന്നതും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പ്രവാസജീവിതം കാംക്ഷിക്കുന്നവരെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. ഇക്കാര്യത്തിൽ പ്രവാസി സമൂഹം തന്നെയാണ് ഇപ്പോൾ പ്രധാനപ്പെട്ട സംഭാവന നൽകുന്നത്. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ മെച്ചപ്പെട്ട പ്രവാസ അവസരങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ആധുനികവും കൂടുതൽ കാര്യക്ഷമവും വ്യവസ്ഥാപിതമായ പുതിയ മാർഗ്ഗങ്ങൾ അവലംബിച്ചേ മതിയാവൂ. ഇക്കാര്യത്തിൽ സംസ്ഥാനത്ത് നോർക്ക റൂട്ട്സ്, ഒഡേപെക് (ODEPEC) തുടങ്ങിയ സ്ഥാപനങ്ങൾ റിക്രൂട്ട്മെന്റ് മേഖലയിൽ മുൻകാലത്തെ അപേക്ഷിച്ച് ഇപ്പോൾ കൂടുതൽ സജീവമായി ഇടപെടുന്നുണ്ട് എന്നത് തീർച്ചയായും അഭിനന്ദനീയമായ കാര്യമാണ്. എന്നാൽ ഈ രംഗത്തുള്ള നമ്മുടെ സാധ്യതകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ സമഗ്രമായ ഇടപെടൽ വേണമെന്ന് വ്യക്തമാകും.

ആഗോള തൊഴിൽ കമ്പോളത്തിന്റെ പുതിയ പ്രവണതകൾ ഒരു സമീപന മാറ്റം യഥാർത്ഥത്തിൽ ആവശ്യപ്പെടുന്നുണ്ട്. ഇപ്പോൾ പല തൊഴിൽ കമ്പോളങ്ങളിലും വളരെ ചെറിയ കാലയളവിലേയ്ക്കാണ് പ്രവാസം അനുവദിക്കുന്നത്. വികസിത രാജ്യങ്ങളിൽ ഹ്രസ്വകാല പ്രവാസത്തിനാണ് മുൻഗണന. കമ്പോളത്തിന്റെ ആവശ്യവും തൊഴിലവസരങ്ങളുടെ സ്വഭാവവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു എന്നതും കാണണം. അതുകൊണ്ട് തീർച്ചയായും വളരെ സൂക്ഷ്മമായ കമ്പോള പഠനങ്ങൾ തുടർച്ചയായി ഏറ്റെടുത്തുകൊണ്ടു മാത്രമേ പുതിയ തൊഴിൽ കമ്പോളത്തിൽ നമുക്ക് പിടിച്ചു നിൽക്കാനാകൂ. കമ്പോളത്തിലെ പ്രവണതകൾ മനസ്സിലാക്കിയാൽ മാത്രം പോരാ. അതു സംബന്ധിച്ച വിവരങ്ങൾ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾക്ക് കൈമാറുകയും തൊഴിലന്വേഷകരെ ബോധവൽക്കരിക്കുകയും വേണം. ഇതെല്ലാം ചൂണ്ടികാണിക്കുന്നത് നമ്മുടെ റിക്രൂട്ട്മെന്റ് നയത്തിൽ പുനഃപരിശോധനയും കാലോചിതമായ മാറ്റങ്ങളും

അനിവാര്യമാണെന്നതാണ്. ഇതെല്ലാമായാലും പുതിയ തലമുറയിലെ പ്രവാസികൾക്ക് കൈതാങ്ങ് നൽകുക എന്ന പ്രവാസി സമൂഹത്തിന്റെ ധർമ്മത്തിന്റെ പ്രാധാന്യം ഒട്ടും കുറയില്ല എന്നും കാണണം. യഥാർത്ഥത്തിൽ പുതിയ റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് നിലവിലുള്ള പ്രവാസികളുടെ സേവനം കമ്പോള പഠനങ്ങൾക്കും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്.

## പ്രവാസി സമൂഹവും വിദേശവ്യാപാരവും

പ്രവാസി സമൂഹം പുതിയ തലമുറയിലെ പ്രവാസികൾക്ക് എപ്രകാരം പ്രചോദനമാകുന്നോ ഏതാണ്ട് സമാനമായ രീതിയിൽ നാട്ടിൽ നിന്ന് പുറം ലോകത്തേയ്ക്കുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതിക്കും തുണയാകുന്നുണ്ട്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി സംബന്ധിച്ചുള്ള പഠനങ്ങൾ പ്രവാസി സമൂഹത്തിന്റെ സാന്നിദ്ധ്യം രാജ്യത്തിന്റെ കയറ്റുമതിക്ക് ഉത്തേജകമാകുന്നുവെന്ന് നിരീക്ഷിച്ചിട്ടുണ്ട്. മധ്യപൂർവ്വ ദേശങ്ങളിലെ ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ വളർച്ചയ്ക്ക് ആനുപാതികമായി ഇന്ത്യയിൽ നിന്ന് അങ്ങോട്ടേയ്ക്കുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതി വളർന്നതായാണ് കണക്കുകൾ കാണിക്കുന്നത്. യഥാർത്ഥത്തിൽ പ്രവാസി സമൂഹം തന്നെ ഇന്ത്യൻ ഉല്പന്നങ്ങളുടെ ആവശ്യക്കാരായി മാറുകയും ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതി പ്രചോദിപ്പിക്കുകയുമായിരുന്നു. ഒപ്പം ഇന്ത്യൻ പ്രവാസികളുടെ ഉപഭോഗ ശീലങ്ങൾ മറ്റുള്ളവരെയും നല്ല തോതിൽ സ്വാധീനിക്കുന്നു എന്നു വേണം കരുതാൻ.

കേരളീയ പ്രവാസി സമൂഹത്തിന്റെ സാന്നിദ്ധ്യം കേരളത്തിൽ നിന്നുള്ള ഉത്പന്നങ്ങൾക്കും ലോക വിപണിയിൽ കമ്പോളമൊരുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. കേരളത്തിൽ നിന്നുള്ള ഉപ്പേരി മുതൽ അച്ചാറുവരെയുള്ള ഭക്ഷ്യ ഉല്പന്നങ്ങൾ, ചമ്പാവരി, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, തുണിത്തരങ്ങൾ, പാദരക്ഷകൾ, പുസ്തകങ്ങൾ, മാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, ആഭരണങ്ങൾ തുടങ്ങി ഒട്ടേറെ ഉല്പന്നങ്ങൾ വലിയ തോതിൽ തന്നെ പ്രവാസി കേന്ദ്രങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. കേരളത്തിന്റെ കലാ രൂപങ്ങൾക്കും സിനിമയടക്കമുള്ള കലകൾക്കും ഉല്പന്നങ്ങൾക്കും കമ്പോളമൊരുക്കുന്നതിലും കലാകാരന്മാരെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുന്നതിലും പ്രവാസി സമൂഹം നൽകുന്ന സംഭാവന വളരെ വലുതാണ്. കേരളീയ കലാരൂപങ്ങൾക്കും സാധനങ്ങൾക്കും സേവനങ്ങൾക്കും കേരളീയരല്ലാത്തവരുടെ ഇടയിൽ പ്രചാരം നൽകുന്നതിൽ നമ്മുടെ പ്രവാസി സമൂഹം വലിയ പങ്കു വഹിക്കുന്നുണ്ട് എന്നതും സത്യമാണ്. ഇതിന് ആയുർവേദ മരുന്നുകളും ആയുർവേദ ചികിത്സയും നല്ല ഉദാഹരണമാണ്. കേരളത്തിനകത്തും പുറത്തുമുള്ള ആയുർവേദ കേന്ദ്രങ്ങളിലേയ്ക്ക് പുറം രാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ വൻതോതിൽ എത്തുന്നുണ്ട്. അടുത്തകാലത്തായി നമ്മുടെ അലോപ്പതി ആശുപത്രികളിലേയ്ക്കും വിദേശത്തുനിന്നുള്ളവർ എത്തുന്നുണ്ടെന്ന് കാണാം. ഇക്കാര്യത്തിലും പ്രവാസി സമൂഹം ഒരു പാലമായി വർത്തിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

കേരളീയ പ്രവാസി സമൂഹത്തിൽ നിന്നും ഒന്നോ രണ്ടോ ശതമാനം പേർ ഓരോ വർഷവും കേരളം കാണാൻ വന്നാൽ നമ്മുടെ വിനോദസഞ്ചാര രംഗത്തിനു അത് വലിയ ഉത്തേജനം നൽകും. നമ്മുടെ പ്രവാസി സമൂഹം മനസ്സുവെച്ചാൽ കേരളീയരല്ലാത്തവരെയും കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയും. ഇതിനു നമ്മുടെ വിനോദസഞ്ചാര വകുപ്പു ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കുകയും പദ്ധതി തയ്യാറാക്കുകയും വേണം.

# ഉപസംഹാരം

ഈ സഭയ്ക്ക് ഒരു സ്ഥിരം സ്വഭാവമുണ്ട്. എല്ലാ അംഗങ്ങളും ഒരുമിച്ച് പിരിഞ്ഞ് സഭ ഇല്ലാതാകുന്ന പ്രശ്നമില്ല. സമ്മേളനങ്ങളുടെ ഇടവേളയിൽ പിരിയുന്ന അംഗങ്ങൾക്ക് പകരം പുതിയ അംഗങ്ങൾ ഉണ്ടാകും. സമ്മേളനത്തിന്റെ ഇടവേളയിൽ വിവിധ ഏജൻസികൾ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പുതിയ ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്നതിനും പിന്നീട് ചേരുന്ന സഭാ സമ്മേളനത്തിനു കഴിയും. സഭയുടെ രണ്ട് സമ്മേളനങ്ങൾക്കിടയിലുള്ള കാലത്ത് ലോക കേരള സഭയുടെ തീരുമാനപ്രകാരം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ലോക കേരള സഭയുടെ സെക്രട്ടറിയേറ്റിനും കേരള സർക്കാരിനും കഴിയും.

**ഒന്ന്** – സഭയിൽ ചർച്ചയ്ക്ക് വരുന്ന ഒട്ടേറെ കാര്യങ്ങൾ നയപരമായ തീരുമാനങ്ങളും നിയമനിർമ്മാണവും ആവശ്യമുള്ളവയാണ്. അതിൽ പലതും അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും തീരുമാനമെടുക്കേണ്ട കാര്യങ്ങളായിരിക്കും. വിശദമായ പഠനങ്ങളുടെ പിന്തുണയോടെ കാര്യക്ഷമമായ ലോബിയിംഗും അഭിപ്രായ രൂപീകരണവും നടത്തിക്കൊണ്ടു മാത്രമെ ദേശീയതലത്തിലും സാർവ്വദേശീയതലത്തിലും അനുകൂലമായ തീരുമാനങ്ങൾ എടുപ്പിക്കാൻ കഴിയൂ. ഇത്തരമൊരു പരിശ്രമത്തിനു സംസ്ഥാന സർക്കാരിനു നേതൃത്വം നൽകാൻ കഴിയും. ഈ പ്രവർത്തനങ്ങൾ ലോക കേരള സഭയുടെ സെക്രട്ടറിയേറ്റ് ഏകോപിപ്പിക്കും. പ്രവാസികൾക്കു പ്രാധാന്യമുള്ള സംസ്ഥാന സർക്കാരുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാർ, കരടുനിയമങ്ങൾ തയ്യാറാക്കൽ, അന്തർദേശീയ ഏജൻസികളുമായി സഹകരിച്ചു കൊണ്ടുള്ള പഠനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ ഏറ്റെടുക്കാൻ കഴിയും. ഇക്കാര്യത്തിൽ ലോക കേരള സഭയിലെ അംഗങ്ങളായ എം.എൽ.എ.മാരും, എം.പി.മാരും പ്രത്യേക താൽപര്യം എടുക്കും എന്നു പ്രതീക്ഷിയ്ക്കാം.

**രണ്ട്** – ഇവിടെ ഉന്നയിക്കപ്പെടുന്ന നിരവധി കാര്യങ്ങൾ സംസ്ഥാന സർക്കാരിനും പ്രാദേശിക സർക്കാരുകൾക്കും ഇടപെട്ട് പരിഹരിക്കാവുന്നവയാണ്. അതുകൊണ്ടുതന്നെയാണ് മന്ത്രിമാരും പ്രധാനപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും ലോക കേരള സഭയിലെ ചർച്ചകളിൽ പങ്കെടുക്കുന്നത്, സഭാംഗങ്ങൾ പറയുന്ന കാര്യങ്ങളോട് പ്രതികരിക്കുക മാത്രമല്ല സ്വന്തം നിലയ്ക്ക് പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നതിനും വിവിധ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സഭയിൽ വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചു പ്രായോഗിക പ്രസക്തിയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും മറ്റു ഏജൻസികളും പരിശ്രമിയ്ക്കും.

**മൂന്ന്** – ലോക കേരള സഭയുടെ പ്രവർത്തന ഭൂമിക ലോക കേരളമാണ്. സഭയിൽ നിർദ്ദേശങ്ങൾ വയ്ക്കാനും സഭയുടെ നിർദ്ദേശങ്ങളോട് പ്രതികരിക്കാനും ലോകകേരള സമൂഹത്തിന്റെ എല്ലാ അംഗങ്ങൾക്കും ബാധ്യതയുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് തങ്ങളുടെ മേഖലകളിൽ കേരളീയരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുക എന്നുള്ളതാണ്. അതുപോലെ തന്നെ ഓരോ പ്രദേശത്തെയും കേരളീയ സംഘടനകൾ മറ്റ് സഹോദരസംഘടനകളോടും കേരളത്തിന കത്ത് പ്രവർത്തിക്കുന്ന സമാനസ്വഭാവമുള്ള കൂട്ടായ്മകളോടും നിരന്തര സമ്പർക്കത്തിലും സംവാദങ്ങളിലും ഏർപ്പെടേണ്ടതുണ്ട്. പ്രവാസികൾക്ക് വേണ്ടിയും പ്രവാസികളുടെ സഹായത്തോടെ നാടിനുവേണ്ടിയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ പിന്തുണ നൽകാനും പ്രവാസ ലോകത്തെ സംഘടനകൾക്ക് കഴിയണം.

ഭാവിപരിപാടി സംബന്ധിച്ച നിരവധി സൂചനകൾ ഈ സമീപനരേഖയിലെ ആദ്യ ഭാഗങ്ങളിലുണ്ട്. സഭയിൽ നടക്കുന്ന ചർച്ചകളിൽ കൂടുതൽ നിർദ്ദേശങ്ങൾ ഉരുത്തിരിയും. അവ കൂടി ഉൾപ്പെടുത്തിക്കൊണ്ടാവും സഭയുടെ സമാപന സമ്മേളനത്തിലെ മറുപടി പ്രസംഗം. ഇവിടെ ചില പ്രധാന സൂചനകൾ മാത്രം രേഖപ്പെടുത്താനാണ് ശ്രമിക്കുന്നത്.

രണ്ടാം സമ്മേളനത്തിന്റെ ഏറ്റവും പ്രധാന തീരുമാനമായി വരേണ്ട ഒരു കാര്യം ലോക കേരള സഭ രൂപീകരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ സ്ഥാനത്ത് ലോക കേരള സഭാ നിയമം യാഥാർത്ഥ്യമാക്കുക എന്നതാണ്. അങ്ങനെ ഒരു നിയമം നിർമ്മിക്കാനുള്ള ഭരണഘടനാപരമായ അവകാശം കേരള നിയമസഭയ്ക്കുണ്ട്. ആദ്യം ഗവൺമെന്റും പിന്നീടു നിയമസഭയും പരിഗണിയ്ക്കേണ്ട ലോക കേരള സഭാ ബില്ലിന്റെ ഒരു പ്രാഥമിക കരട് തയ്യാറാക്കുക എന്നതാണ് ഭാവിപരിപാടിയിലെ ഒരു മുഖ്യ ഇനം. ലോക കേരളത്തിന്റെ പൊതു ജനാധിപത്യ വേദിയായി ഉയർന്നു വന്നിരിക്കുന്ന ലോക കേരള സഭയ്ക്കു നിയമപരമായ കൂടുതൽ ഉറപ്പും ഊർജ്ജവും ആർജ്ജിക്കാൻ ഇതിലൂടെ കഴിയും.

ഏറെ പ്രാധാന്യമുള്ള ഒരു കർമ്മപരിപാടി കുടിയേറ്റത്തെയും അഭയാർത്ഥികളെയും സംബന്ധിച്ച അന്തർദേശീയ ചർച്ചകളിലും, നിയമ-നയ നിർമ്മാണ വേദികളിലും അതുപോലെ തന്നെ ദേശീയനയ-നിയമ രൂപീകരണ ചർച്ചകളിലും സജീവമായി ഇടപെടുക എന്നതാണ്. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളതും പ്രവാസി വരുമാനം നേടുന്നതുമായ ഇന്ത്യയിൽ പ്രവാസത്തിനു ഏറ്റവും കൂടുതൽ പ്രാധാന്യമുള്ള കേരളത്തിന് ഇക്കാര്യത്തിൽ വലിയ

ഉത്തരവാദിത്വമുണ്ട്. പ്രവാസികളുടെ പൗരാവകാശങ്ങൾ, തൊഴിലവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ സംബന്ധിച്ച് ഇനി നമുക്കു ഉദാസീനരാവാൻ കഴിയില്ല എന്നതാണ് ലോക കേരള സഭയുടെ സന്ദേശം.

മൂന്നാമത്തെ പ്രധാന ദൗത്യം ഭാവി പ്രവാസത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നതാണ്. എല്ലാത്തരം കുടിയേറ്റങ്ങളെയും കണ്ണുമടച്ചു പ്രോത്സാഹിപ്പിക്കാനാവില്ല. ആടുജീവിതങ്ങൾ ആവർത്തിക്കാനാവില്ല. ലോക തൊഴിൽ വിപണിയിലെ ചലനങ്ങൾ അപ്പപ്പോൾ മനസ്സിലാക്കി വിശകലനം ചെയ്ത് ഏറ്റവും മെച്ചപ്പെട്ട അവസരങ്ങൾ ചൂഷണത്തിന്റെ സാധ്യതകൾ ഇല്ലാതാക്കി കേരളീയർക്ക് ലഭ്യമാക്കാനുള്ള റിക്രൂട്ട്മെന്റ് സംവിധാനം ഉണ്ടാവണം. തൊഴിൽ വിപണിയെ കണക്കിലെടുത്തുകൊണ്ടുള്ള നൈപുണ്യ പരിശീലനവും, ഭാഷാ പഠനവും, വിദ്യാഭ്യാസവും ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടാവണം.

നാലാമത്തെ ഇടപെടൽ മേഖല പ്രവാസിക്ഷേമവുമായി ബന്ധപ്പെട്ടതാണ്. പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുകയാണ് വേണ്ടത്. ഇതിലേക്കു സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം ഇനിയും വർദ്ധിപ്പിക്കാനാവും. എന്നാൽ അതിനു പരിമിതികളുണ്ട്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

അഞ്ചാമത്തെ പ്രധാന ഇടപെടൽ തിരിച്ചെത്തുന്ന പ്രവാസികൾക്കു തൊഴിലും സ്വയം തൊഴിൽ സംരംഭങ്ങളും തുടങ്ങുന്നതു സംബന്ധിച്ചതാണ്. കേരളത്തിൽ ഒട്ടും കുറവല്ലാത്ത തൊഴിൽ അവസരങ്ങൾ ഉണ്ട് എന്നതിനു തെളിവ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിയേറ്റവും എന്നിട്ടും നാട്ടിൽ നില നിൽക്കുന്ന വിദഗ്ദ്ധതൊഴിലാളികളുടെ ക്ഷാമവുമാണ്. ഇത് അടിസ്ഥാനപരമായി നമ്മുടെ തൊഴിൽ കമ്പോളത്തിന്റെ പ്രശ്നമാണ്. തൊഴിലാളികളെയും, തൊഴിൽദാതാക്കളെയും പരസ്പരം സഹായകരമായി ബന്ധപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ അഭാവം പ്രകടമാണ്. തൊഴിലാളികളുടെ ലഭ്യതയെയോ അവരുടെ പശ്ചാത്തലത്തെയോ സംബന്ധിച്ച വിവരം തൊഴിലുടമയ്ക്കില്ല. തിരിച്ചു തൊഴിലാളികൾക്കു തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരവുമില്ല. ഇരുകൂട്ടർക്കും ഇടയിൽ വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നു മാത്രമല്ല പല രൂപത്തിലുള്ള അവിശ്വാസം നിലനിൽക്കുകയും ചെയ്യുന്നു. ഈ പ്രശ്നങ്ങൾ പരിഹരിച്ചാൽ കേരളത്തിൽ നല്ല പ്രതിഫലം ലഭിക്കുന്ന തൊഴിൽ അവസരങ്ങൾ ഉണ്ടാവും. അതിനുള്ള പരിശ്രമം സർക്കാർ ഏറ്റെടുക്കും. ഇതിൽ സ്വയം തൊഴിൽ സംരംഭങ്ങളും ഉൾപ്പെടും. സംരംഭങ്ങൾ തുടങ്ങാ നാഗ്രഹിക്കുന്നവർക്കു വായ്പ, സഹകരണ സംഘമോ, മറ്റു കൂട്ടായ്മകളോ രൂപീകരിച്ചു മുന്നേറാനുള്ള സഹായമോ, മറ്റു രൂപത്തിലുള്ള കൈത്താങ്ങോ (ഇൻകുബേഷൻ, സ്റ്റാർട്ട് അപ്, ഏൻജൽ ഫണ്ടിംഗ്) ആവശ്യമായി വരും. അവ ലഭ്യമാക്കാൻ ഊർജ്ജിത ശ്രമം ആരംഭിയ്ക്കും. സർക്കാർ രൂപീകരിക്കുന്ന കമ്പനികൾ ഇക്കാര്യത്തിൽ ഒരു പ്രധാന പങ്കു വഹിക്കും.

ആറാമത്തേത് നിക്ഷേപത്തിനുള്ള അവസരം ലഭ്യമാക്കുന്നതു സംബന്ധിച്ചാണ്. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് ബോണ്ട് തുടങ്ങിയവ ആകർഷകവും സുരക്ഷിതവുമായ നിക്ഷേപ അവസരങ്ങളാണ്. ഇതിനു പുറമെ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി നിക്ഷേപ കമ്പനിയും വേണ്ട അവസരങ്ങൾ നൽകും. അവയ്ക്കപ്പുറം നേരിട്ടുള്ള നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിക്ഷേപ സാധ്യതകൾ സംബന്ധിച്ച സാധ്യതാ പഠനങ്ങളും കരടു പ്രോജക്ട് നിർദ്ദേശങ്ങളും രൂപപ്പെടുത്താൻ സർക്കാർ വകുപ്പുകൾ തയ്യാറാവും. ഇതിലേക്കു ക്രിയാത്മകമായ ഒരു സൗഹാർദ്ദ മത്സരം പ്രോത്സാഹിപ്പിക്കും.

ഏഴാമത്തേത്, ഇന്ത്യൻ സംസ്ഥാനങ്ങളിൽ അധിവസിക്കുന്ന കേരളീയരുടെ പ്രശ്നങ്ങൾ വിശദമായി പഠിച്ച് ഭരണഘടന യുടെയും നിയമത്തിന്റെയും പരിധികൾക്കുള്ളിൽ നിന്നും എന്തെല്ലാം ചെയ്യാം എന്ന് കണ്ടെത്താനും അതിനനുസരിച്ചു സർക്കാർ നടപടികൾ ഊർജ്ജിതപ്പെടുത്താനുമുള്ള ദൗത്യമാണ്. ഇതിലേക്കു ആവശ്യമായ പഠനം ആരംഭിയ്ക്കാൻ ഉടൻതന്നെ നടപടി സ്വീകരിക്കണം.

എട്ടാമത്തേത് ലോകകേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ നിർണായകമായ ഒരു നിർദ്ദേശമാണ്. ലോകത്താകെ പടർന്നു വളരുന്ന ലോകകേരള ജനത, മലയാളഭാഷയെയും, നമ്മുടെ സാഹിത്യത്തെയും, കലാരൂപങ്ങളെയും, സാംസ്കാരിക പാരമ്പര്യത്തെയും ഹൃദയത്തിലേറ്റുന്നവരാണ്. പക്ഷെ ഭാഷയും സംസ്കാരവും അതിന്റെ അടിസ്ഥാനത്തിലുള്ള കേരളീയൻ എന്ന മേൽവിലാസവും നിലനിൽക്കണമെങ്കിൽ ജീവിതത്തിൽ കേരള സംസ്കാരത്തിൽ മുഴുകാനും ഇടപഴകാനും അവസരം ഉണ്ടാവണം. ആതിഥേയ പ്രദേശത്തിൽ പ്രവർത്തിക്കുന്ന ആയിരകണക്കിനു കൂട്ടായ്മകളാണ് ഇപ്പോൾ ഇതിനു സാഹചര്യമൊരുക്കുന്നത്. ലോക കേരള സഭ ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയവ ഏറ്റെടുക്കുന്നതിനും പരിശ്രമിയ്ക്കും. സഭാനടപടികളും ചർച്ചകളും പൂർത്തിയായതിനുശേഷമെ ഈ സമീപനരേഖയ്ക്കു അന്തിമ രൂപം നൽകാൻ കഴിയൂ. ധാരാളം നല്ല നിർദ്ദേശങ്ങൾ ചർച്ചയിലൂടെ ഉയർന്നുവന്ന് രേഖ സമ്പുഷ്ടമാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# അനുബന്ധം 1

## സ്റ്റാന്റിംഗ് കമ്മിറ്റികൾ

| ക്രമ. നം. | കമ്മിറ്റിയുടെ പേര് | അധ്യക്ഷൻ |
|---|---|---|
| 1 | ലോക കേരള സഭയുടെ ഭരണ നിർവ്വഹണവും കേരള വികസന ഫണ്ടിന്റെ രൂപീകരണവും | പത്മശ്രീ രവി പിള്ള |
| 2 | പ്രവാസി നിക്ഷേപവും സുരക്ഷയും | പത്മശ്രീ യുസഫ് അലി |
| 3 | പുനരധിവാസവും തിരിച്ചെത്തിയവർക്കുള്ള വരുമാന സാധ്യതകളും | പത്മശ്രീ ആസാദ് മൂപ്പൻ |
| 4 | പ്രവാസത്തിന്റെ ഗുണനിലവാരവും വീക്ഷണങ്ങളും | ശ്രി. സി.വി. റപ്പായി |
| 5 | പ്രവാസ സംബന്ധമായ നിയമങ്ങളും സ്ത്രി പ്രവാസികളുടെ ക്ഷേമവും | പത്മശ്രീ സുനിത കൃഷ്ണൻ |
| 6 | പ്രവാസവും സാംസ്കാരിക വിനിമയവും | പ്രൊഫ. കെ. സച്ചിദാനന്ദൻ |
| 7 | ഇന്ത്യയ്ക്ക് അകത്തുള്ള പ്രവാസികളുടെ പ്രശ്നങ്ങൾ | ശ്രീ. ബെന്യാമിൻ |

ഒന്നാം സമ്മേളനത്തിന്റെ മറ്റൊരു പ്രധാന തീരുമാനം ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ രൂപീകരണമാണ്. സഭാ തീരുമാനം അനുസരിച്ച് 2018 ജൂലായിൽ സെക്രട്ടറിയേറ്റ് രൂപീകരിച്ചു. സെക്രട്ടറിയേറ്റിലെ അംഗങ്ങൾ ഇവരാണ്

1. ചീഫ് സെക്രട്ടറി (സെക്രട്ടറി, ലോക കേരള സഭ)
2. പ്രിൻസിപ്പൽ സെക്രട്ടറി (ജനറൽ കൺവീനർ, നോർക്ക വകുപ്പ്)
3. സെക്രട്ടറി, കേരള നിയമസഭ
4. വൈസ് ചെയർമാൻമാർ, നോർക്ക റൂട്ട്സ്
5. ചെയർമാൻ, പ്രവാസി ക്ഷേമനിധി ബോർഡ്
6. ഡോ. കെ.എൻ. ഹരിലാൽ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസി ക്ഷേമനിധി ബോർഡ്

# അനുബന്ധം 2

**1. പ്രവാസി നിക്ഷേപക കമ്പനി**

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു. കമ്പനിയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

**2. പ്രവാസി സഹകരണ സംഘം**

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സിന് അനുവാദം നൽകി ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ചുരുങ്ങിയത് 50 അംഗങ്ങളെങ്കിലുമുള്ള പ്രവാസി സഹകരണ സംഘങ്ങൾക്ക് നോർക്ക റൂട്ട്സ് വഴി മൂന്നു ലക്ഷം രൂപ വരെയുള്ള ധനസഹായം നൽകുന്ന പദ്ധതിക്ക് 2019 ഒക്ടോബറിൽ തുടക്കം കുറിച്ചു.

**3. പ്രവാസി ബാങ്ക്**

പുതിയതായി രൂപം കൊള്ളുന്ന കേരളാ ബാങ്കിന്റെ ഒരു പ്രധാന ദൗത്യം പ്രവാസികൾക്ക് ആവശ്യമായ എല്ലാ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുക എന്നതിനാൽ പ്രവാസി ബാങ്കിന്റെ രൂപീകരണ നടപടി നിർത്തിവെയ്ക്കാൻ തീരുമാനിച്ചു.

**4. പ്രവാസി നിർമ്മാണ കമ്പനി**

പ്രവാസി നിക്ഷേപക കമ്പനിയുടെ അനുബന്ധ സ്ഥാപനമായി പ്രവാസി നിർമ്മാണ കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തു.

**5. പ്രവാസി വനിതാ സെൽ**

കേരളീയരായ പ്രവാസി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഢനം അവസാനിപ്പിക്കുന്നതിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിൽ NRK വനിതാ സെൽ രൂപീകരിച്ചു. കൂടുതൽ കാര്യക്ഷമമായ രീതിയിൽ പ്രവാസി വനിതകൾക്ക് ബോധവൽക്കരണവും നടത്തിവരുന്നു.

**6. പ്രവാസി ഫെസിലിറ്റേഷൻ സെന്ററിന്റെയും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ സെന്ററിന്റെയും രൂപീകരണം**

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ എവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.

**7. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം**

ചീഫ്സെക്രട്ടറിയുടെഅധ്യക്ഷതയിൽയോഗംകൂടുകയുംഉന്നതവിദ്യാഭ്യാസത്തിന്റെചുമതലയുള്ളപ്രിൻസിപ്പൽസെക്രട്ടറി, കേസ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു.

**8. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം**

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre For Development Studies ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**9. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം**

സർക്കാർ ഉത്തരവ് (G.O (Rt) no. 312/2019/NORKA dated 05.07.2019) പ്രകാരം പ്രവാസികൾക്കായി സർക്കാർ തലത്തിൽ ഒരു ആനുകാലിക പ്രസിദ്ധീകരണം ആരംഭിക്കാൻ തീരുമാനിച്ചു. ഒന്നാം ലക്കം ഒന്നാം വാല്യം 'ലോക മലയാളം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു

**10. പ്രവാസി യുവജനോത്സവം**

പ്രസ്തുത നിർദ്ദേശം തൽക്കാലം സെക്രട്ടറിയേറ്റിന്റെ പരിഗണനയിൽ ഇല്ല.

Norka Roots, Near Government Guest House, Thycaud P.O.,Thiruvananthapuram-695 014
Phone: +91 471 2330339, www.lokakeralasabha.com